2024 DECEMBER
11
WEDNESDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY

e-paper




# സംരംഭക സഭകളുമായി വ്യവസായ വകുപ്പ്

**തിരുവനന്തപുരം:** സംരംഭകവർഷം പദ്ധതിയുടെ തുടർപ്രവർത്തനങ്ങളുടെ ഭാഗമായി വ്യവസായ വകുപ്പ് കേരളം മുഴുവൻ സംരംഭക സഭകൾ സംഘടിപ്പിക്കുന്നു. കേരളത്തിലെ ഓരോ പഞ്ചായത്തിലും ശരാശരി 250ൽപരം സംരംഭങ്ങൾ സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി രൂപീകരിച്ചിട്ടുണ്ട്. സംരംഭങ്ങൾക്ക് കൂടുതൽ ഉത്തേജനം പകരുവാൻ വേണ്ടി സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി ഓരോ പഞ്ചായത്തിലും രൂപീകരിച്ച പുതിയ സംരംഭങ്ങളുടെയും അതിനു മുൻപ് മുതൽക്കേ പ്രവർത്തിച്ച് പോരുന്ന സംരംഭങ്ങളുടെയും പ്രതിനിധികളുടെ യോഗമാണ് 'സംരംഭക സഭ' എന്ന പേരിൽ നടത്തുക. വ്യവസായവുമായി ബന്ധപ്പെട്ട അനുമതികൾ നൽകുന്ന വിവിധ വകുപ്പുകളുടെ പ്രതിനിധികളും പങ്കെടുക്കുമെന്ന് മന്ത്രി പി രാജീവ് വാർത്താ സമ്മേളനത്തിൽ അറിയിച്ചു..സംരംഭക സഭയിലൂടെ ഓരോ പഞ്ചായത്തിലും നിലവിൽ പ്രവർത്തിക്കുന്ന സംരംഭങ്ങളുടെ ഒരു കൂട്ടായ്മ രൂപീകരിക്കും. ഒപ്പം സംരംഭകർക്ക് വ്യവസായ വകുപ്പിന്റെയും മറ്റു അനുബന്ധ വകുപ്പുകളുടെയും വിവിധ സംരംഭകത്വ പ്രോത്സാഹന പദ്ധതികളെയും സേവനങ്ങളെയും കുറിച്ചുള്ള ബോധവത്കരണം നടത്തുന്നതിനും ഈ വേദി ഉപയോഗിക്കും. സംരംഭകർക്കുള്ള വിവിധ ആവശ്യങ്ങൾ (ലോൺ/ ലൈസൻസ്/ സബ്സിഡി/ ഇൻഷുറൻസ് മുതലായവ) നിറവേറ്റുവാൻ വേണ്ടി പ്രാദേശിക ബാങ്കുകൾ, ഇൻഷുറൻസ് സേവന ദാതാക്കൾ എന്നിവരുമായി സഹകരിക്കുവാൻ എന്റർപ്രൈസ് ഡെവലപ്മെന്റ് എക്സിക്യൂട്ടീവുകളുടെ സേവനം ലഭ്യമാക്കുന്നതിനും സംരംഭകരിൽ നിന്നും പോളിസി നിർമാണ തലത്തിൽ ഉപയോഗിക്കാവുന്ന തരത്തിലുള്ള ഫീഡ്ബാക്ക് എടുക്കുന്നതിനും പ്രാദേശിക തലത്തിലുള്ള സംരംഭക ആവാസവ്യവസ്ഥ ശക്തിപ്പെടുത്തുന്നതിന് വേണ്ട ഫീഡ്ബാക്കും നടപടികളും സ്വീകരിക്കുന്നതിനും ലക്ഷ്യമിടുന്നുണ്ട്. സംരംഭകരുടെ വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ടുള്ള ആവശ്യങ്ങൾക്കായി, അതാത് വകുപ്പുകളുടെ പ്രതിനിധികൾ വകുപ്പ് തലത്തിലുള്ള ബോധവത്കരണം നടത്തുന്നതിനും തദ്ദേശസ്വയംഭരണ വകുപ്പിന്റെ ലോക്കൽ ഇക്കണോമിക് ഡെവലപ്മെന്റ് പദ്ധതി, മാർക്കറ്റിംഗ് സഹായ പദ്ധതികൾ മുതലായവയെക്കുറിച്ച് പഞ്ചായത്ത് തലത്തിൽ സംരംഭകരുമായി ഏകോപനം നടത്തുന്നതിനും ഊന്നൽ നൽകും. സംരംഭകർ പൊതുവായി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്കുള്ള ഉചിതമായ പരിഹാര നടപടികളും നിർദേശങ്ങളും കണ്ടെത്തുവാൻ സംരംഭകരും വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും (കെഎസ്ഇബി, മൈനിങ് & ജിയോളജി, ലേബർ, പരിസ്ഥിതി, കഌഅക, ലീഡ് ബാങ്ക്, സഹകരണ ബാങ്ക്, മറ്റു ബാങ്കുകൾ) പ്രതിനിധികളും ഉദ്യോഗസ്ഥരുമായുള്ള ചർച്ച നടത്താനും കെസ്വിഫ്റ്റ് അക്നോളഡ്ജ്മെന്റ്, ഉദ്യം രജിസ്ട്രേഷൻ എന്നിവ ലഭ്യമാക്കുവാൻ ഹെൽപ്ഡെസ്ക് സംവിധാനം രൂപീകരിക്കാനും സംരംഭക സഭ ലക്ഷ്യമിടുന്നുണ്ട്.

## ഐഎഫ്എഫ്കെയ്ക്ക് ഡിസംബർ 13 ന് തുടക്കം




**തിരുവനന്തപുരം:** കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി സംഘടിപ്പിക്കുന്ന 29ാമത് ഐ.എഫ്.എഫ്.കെ ഡിസംബർ 13 ന്വൈകിട്ട് ആറു മണിക്ക് തിരുവനന്തപുരം നിശാഗന്ധി ഓഡിറ്റോറിയത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുമെന്ന് മന്ത്രി സജി ചെറിയാൻ വാർത്താസമ്മേളനത്തിൻ അറിയിച്ചു.ഹോങ്കോങ്ങിൽ നിന്നുള്ള സംവിധായിക ആൻ ഹുയിക്ക് മുഖ്യമന്ത്രി ലൈഫ്ടൈം അച്ചീവ്മെന്റ് പുരസ്കാരം ചടങ്ങിൽ സമ്മാനിക്കും. .ഉദ്ഘാടനചിത്രമായ 'ഐ ആം സ്റ്റിൽ ഹിയർ' പ്രദർശിപ്പിക്കും. ഡിസംബർ 13 മുതൽ 20 വരെ 15 തിയേറ്ററുകളിലായി നടക്കുന്ന മേളയിൽ 68 രാജ്യങ്ങളിൽ നിന്നുള്ള 177 സിനിമകൾ പ്രദർശിപ്പിക്കും. അന്താരാഷ്ട്ര മൽസരവിഭാഗത്തിൽ 14 സിനിമകളും മലയാള സിനിമ റ്റുഡേ വിഭാഗത്തിൽ 12 ചിത്രങ്ങളും ഇന്ത്യൻ സിനിമ നൗ വിഭാഗത്തിൽ ഏഴ് സിനിമകളും പ്രദർശിപ്പിക്കും. ലോകസിനിമാ വിഭാഗത്തിൽ 63 സിനിമകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. മുൻനിര മേളകളിൽ പ്രേക്ഷകപ്രീതി നേടിയ 13 ചിത്രങ്ങളടങ്ങിയ ഫെസ്റ്റിവൽ ഫേവറിറ്റ്സ് മറ്റൊരു ആകർഷണമായിരിക്കും.

## നേവിയുടെ ആറ് ചാരക്കണ്ണുകൾക്ക് ഇനി വിശ്രമം




**കൊച്ചി:** ഇന്ത്യൻ സമുദ്രമേഖലയിൽ നാവികസേനയുടെ ചാരക്കണ്ണു കളായിരുന്ന ആറ് സെർചർ യുഎവി (അൺമാൻഡ് ഏരിയൽ വെഹിക്കിൾ) വിമാനങ്ങൾ ഇനി ചരിത്രത്തിന്റെ ഭാഗം. ഇന്ത്യൻ നാവികസേനയ്ക്ക് കരുത്തേകാനായി 2002 ൽ ഇസ്രയേലിൽ നിന്ന് എത്തിച്ച ആറ് സെർചർ എംകെ 2 ആളില്ലാ വിമാനങ്ങളാണ് 22 വർഷത്തെ സേവനത്തിന് ശേഷം ഇന്നലെ ദക്ഷിണ മേഖലാ നാവിക ആസ്ഥാനത്ത് നടത്തിയ ചടങ്ങിൽ വെച്ച് അവസാന പറക്കലിനു ശേഷം വിരമിച്ചത്. ഐഎൻഎസ് ഗരുഡയിൽ നടന്ന ചടങ്ങിൽ ദക്ഷിണ നാവിക കമാൻഡ് ചീഫ് ഓഫ് സ്റ്റാഫ് റിയർ അഡ്മിറൽ ഉപൽ കുണ്ടു അടക്കമുള്ള ഉന്നത നാവിക ഉദ്യോഗസ്ഥരും കുടുംബാംഗങ്ങളും സെർചറിന്റെ അവസാനത്തെ പറക്കലിന് സാക്ഷികളായി തേവര സ്വദേശി കമാൻഡർ ശ്രീകാന്ത് ബോസ് ആണ് സെർച്ചറിന്റെ പറക്കൽ നിയന്ത്രിച്ചത്.സെർച്ചറിൽ സേവനം ചെയ്തിരുന്ന വിരമിച്ച നാവിക സേന ഉദ്യാഗസ്ഥനും സെർച്ചറിന്റെ വിരമിക്കൽ ചടങ്ങിന് സാക്ഷ്യം വഹിക്കാൻ എത്തിയിരുന്നു. അവസാന പറക്കലിലും പതിനായിരം അടി ഉയരത്തിൽ പറന്നതിനു ശേഷമായിരുന്നു ലാന്റിംഗ്.സൈനിക ആവശ്യങ്ങൾക്ക് പുറമേ സിവിലിയൻ ആവശ്യങ്ങൾക്കും സെർച്ചറുകൾ ഉപയോഗപ്പെടുത്തിയിരുന്നു. സേവനത്തിൽ നിന്നിം വിരമിച്ച ആറ് സെർച്ചറുകളും ഐഎൻഎസ് ഗരുഡയിലെ യാർഡിലേക്കാണ് മാറ്റിയിരിക്കുന്നത്. ജയ് വിളികളോടെയാണ് സൈനികർ വിരമിച്ച സെർച്ചറുകളെ യാത്രയാക്കിയത്



# ദക്ഷിണാമൂർത്തി ഫൗണ്ടേഷൻ നിലവിൽ വന്നു

**കൊച്ചി:** യശ്ശശരീരനായ സംഗീത സംവിധായകൻ വി. ഭക്ഷിണാമൂർത്തിയുടെ സ്മരണാർത്ഥം വി ദക്ഷിണാമൂർത്തി ഫൗണ്ടേഷൻ എന്ന പേരിൽ അദ്ദേഹത്തിന്റെ ജന്മദിനത്തിൽ കൊച്ചിയിൽ ഒരു സംഘം സംഗീത പ്രേമികളും കലാകാരൻമാരും ഒത്തു ചേർന്ന് ട്രസ്റ്റിന് രൂപം നൽകി. വർഷംതോറും അദ്ദേഹത്തിന്റെ സ്മരണാർത്ഥം കലാസന്ധ്യകൾ സംഘടിപ്പിക്കുക, സംഗീതകലാകാരൻമാരുടെ ക്ഷേമത്തിന് വേണ്ട പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുക തുടങ്ങിയ കർമ്മ പദ്ധതികളാണ് ഫൗണ്ടേഷൻ നടപ്പിലാക്കുക. അമ്മയിൽ നിന്നും പകർന്ന് കിട്ടിയ സംഗീതം മലയാളം, തമിഴ്, ഹിന്ദി തുടങ്ങിയ ഭാഷകളിലെ സിനിമാ സംഗീത ലോകത്തിന്റെ നെറുകയിൽ ഒരു തിലകകുറിയായ് മാറിയ വി ദക്ഷിണാമൂർത്തി 1950 മുതൽ 2013 വരെയുള്ള കാലയളവുകളിൽ സംഗീത ലോകത്തിന് സമ്മാനിച്ചത് വിലമതിക്കാനാവാത്ത ഗാന മുത്തുകളായിരുന്നു .ഫൗണ്ടേഷൻ ചെയർമാനായി ജെ. വെങ്കിടാചലം, ടി.ആർ ദേവൻ പ്രസിഡന്റ്, ലാൽ പ്രിയൻ സെക്രട്ടറി, സെബാസ്റ്റ്യൻ ജോസഫ് ട്രഷറാർ, വി എസ് ജയകൃഷ്ണ , പ്രദീപ് പള്ളുരുത്തി, രതീഷ് എസ്. എന്നിവരെ ഭാരവാഹികളായി തെരഞ്ഞെടുത്തു.

# വിശാൽ മെഗാ മാർട്ട് ലിമിറ്റഡ് ഐപിഒ ഡിസംബർ 11 മുതൽ

**കൊച്ചി:** ഇന്ത്യയിലെ റിട്ടെയ്ൽ മേഖലയിലെ മുന്നിരക്കായ വിശാൽ മെഗാ മാർട്ട് ലിമിറ്റഡിൻറെ പ്രാഥമിക ഓഹരി വിൽപന (ഐപിഒ) 2024 ഡിസംബർ 11 മുതൽ 13 വരെ നടക്കും. 8,000 കോടി രൂപയുടെ ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.പത്ത് രൂപ മുഖവിലയുള്ള ഓഹരി ഒന്നിന് 74 രൂപ മുതൽ 78 രൂപ വരെയാണ് പ്രൈസ് ബാൻഡ് നിശ്ചയിച്ചിരിക്കുന്നത്. ഓഹരികൾ എൻഎസ്ഇയിലും ബിഎസ്ഇയിലും ലിസ്റ്റ് ചെയ്യും.കൊട്ടക് മഹീന്ദ്ര ക്യാപിറ്റൽ കമ്പനി ലിമിറ്റഡ്, ഐസിഐസിഐ സെക്യൂരിറ്റീസ് ലിമിറ്റഡ്, ഇൻൻറസീവ് ഫിസ്ക്കൽ സർവീസസ് പ്രൈവറ്റ് ലിമിറ്റഡ്, ജെഫറീസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, ജെ പി മോർഗൻ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, മോർഗൻ സ്റ്റാൻലി ഇന്ത്യ കമ്പനി പ്രൈവറ്റ് ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.

# ജെമ്മോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് (ഇന്ത്യ) ലിമിറ്റഡ് ഐപിഒ ഡിസംബർ 13 മുതൽ

**കൊച്ചി:** ഇൻറർനാഷണൽ ജെമ്മോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് (ഇന്ത്യ) ലിമിറ്റഡിന്റെ പ്രാഥമിക ഓഹരി വിൽപന (ഐപിഒ) 2024 ഡിസംബർ 13 മുതൽ 17 വരെ നടക്കും. ഐപിഒയിലൂടെ 4,225 കോടി രൂപ സമാഹരിക്കാനാണ് കമ്പനി ലക്ഷ്യമിടുന്നത്.1,475 കോടി രൂപയുടെ പുതിയ ഓഹരികളും പ്രമോട്ടർമാരുടെ 2,750 കോടി രൂപയുടെ ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. രണ്ട് രൂപ മുഖവിലയുള്ള ഓഹരി ഒന്നിന് 397 രൂപ 417 മുതൽ രൂപ വരെയാണ് പ്രൈസ് ബാൻഡ് നിശ്ചയിച്ചിരിക്കുന്നത്. കുറഞ്ഞത് 35 ഇക്വിറ്റി ഓഹരികൾക്കും തുടർന്ന് 35ൻറെ ഗുണിതങ്ങൾക്കും അപേക്ഷിക്കാം.ആക്സിസ് ക്യാപിറ്റൽ ലിമിറ്റഡ്, കൊട്ടക് മഹീന്ദ്ര ക്യാപിറ്റൽ കമ്പനി ലിമിറ്റഡ്, മോർഗൻ സ്റ്റാൻലി ഇന്ത്യ കമ്പനി പ്രൈവറ്റ് ലിമിറ്റഡ്, എസ്ബിഐ ക്യാപിറ്റൽ മാർക്കറ്റ്സ് ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.

# മീഡിയ അക്കാദമി ഫോട്ടോ ജേണലിസം അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** സംസ്ഥാന സർക്കാരിന്റെ സ്വയംഭരണ സ്ഥാപനമായ കേരള മീഡിയ അക്കാദമി കൊച്ചി, തിരുവനന്തപുരം സെന്ററുകളിൽ നടത്തുന്ന ഫോട്ടോജേണലിസം കോഴ്സ് 13ാം ബാച്ചിലേക്ക് അപേക്ഷ ക്ഷണിച്ചു. തിയറിയും പ്രാക്ടിക്കലും ഉൾപ്പെടെ മൂന്നു മാസമാണ് കോഴ്സിന്റെ കാലാവധി. ശനി, ഞായർ ദിവസങ്ങളിലാണ് ക്ലാസുകൾ. ഓരോ സെന്ററിലും 25 സീറ്റുകൾ ഉണ്ട്. സർക്കാർ അംഗീകാരമുള്ള കോഴ്സിന് 25,000/ രൂപയാണ് ഫീസ്. പ്ലസ്ടു വിദ്യാഭ്യാസ യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. അപേക്ഷകൾ www.keralamediaacademy.org എന്ന വെബ്സൈറ്റിലൂടെ സമർപ്പിക്കാം. സർട്ടിഫിക്കറ്റുകളുടെ പകർപ്പും അപേക്ഷയോടൊപ്പം അപ്ലോഡ് ചെയ്യണം. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഡിസംബർ 16. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: (കൊച്ചി സെന്റർ) 8281360360, 04842422275, (തിരുവനന്തപുരം സെന്റർ) 9447225524, 04712726275.



# പൂപ്പൊലി പുഷ്പോത്സവം ജനുവരി ഒന്നു മുതൽ

**അമ്പലവയൽ:** പൂപ്പൊലി പുഷ്പോത്സവം ഒൻപതാം എഡിഷൻ ജനുവരി ഒന്നിന് അമ്പലവയൽ പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ ആരംഭിക്കും. 8 വർഷങ്ങളായി കാർഷിക സർവകലാശാലയ്ക്കു കോടികളുടെ വരുമാനവും 5 ലക്ഷത്തോളം സന്ദർശകരുമെത്തുന്ന ജില്ലയിലെ ഏറ്റവും വലിയ പുഷ്പഫല പ്രദർശനമാണു പൂപ്പൊലി. ഗവേഷണ കേന്ദ്രത്തിലെ 9 ഏക്കറിലേറെ വരുന്ന പൂപ്പൊലി നഗരിയിലാണ് പ്രദർശനവും കലാപരിപാടികളും കാർഷിക മേഖലയിലെ ക്ലാസുകളുമുൾപ്പെടെ 15 ദിവസം നീണ്ടുനിൽക്കുന്ന പൂപ്പൊലി നടക്കുന്നത്.

ഗവേഷണ കേന്ദ്രവും സ്വകാര്യ ഏജൻസിയും ചേർന്നാണ് ഇത്തവണ പൂപ്പൊലിയുടെ നടത്തിപ്പ്.പൂപ്പൊലിയുടെ ഭാഗമായുള്ള കാർഷിക പരിപാടികൾ ഗവേഷണ കേന്ദ്രത്തിന്റെ നേതൃത്വത്തിലും വിനോദ പരിപാടികൾ പൊതുലേലത്തിൽ എടുക്കുന്ന ഏജൻസിയുമാകും നടത്തുക.

കഴിഞ്ഞ വർഷം വരെ പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിന്റെ നേതൃത്വത്തിലാണു പൂർണമായും നടത്തിയിരുന്നത്. ടിക്കറ്റ് കൗണ്ടർ മുതൽ സ്റ്റാളുകളുടെ ലേലം വരെ ഗവേഷണ കേന്ദ്രത്തിന്റെ നിയന്ത്രണത്തിലായിരുന്നു.പൂപ്പൊലിയിലെ കാർഷിക സെമിനാറുകൾ, കാർഷിക ക്ലിനിക്കുകൾ, സാങ്കേതിക ക്ലാസുകൾ എന്നിവയുടെയെല്ലാം നടത്തിപ്പ് ഇത്തവണയും കാർഷിക ഗവേഷണ കേന്ദ്രത്തിന്റെ നേതൃത്വത്തിൽ വിദഗ്ധരെ ഉപയോഗിച്ചു നടത്തും.വിനോദ പരിപാടികളും വ്യാപാരവും സ്വകാര്യ ഏജൻസിക്ക് ലേലത്തിൽ നൽകാനാണു തീരുമാനം. അമ്യൂസ്മെന്റ് പാർക്ക്,ൈ വകുന്നേരങ്ങളിലെ സാംസ്കാരിക പരിപാടികൾ, 200 വാണിജ്യ സ്റ്റാളുകൾ എന്നിവയാണ് ലേലത്തിൽ എടുക്കുന്ന ഏജൻസിക്ക് നൽകുന്നത്.

അമ്യൂസ്മെന്റ് പാർക്ക്, സാംസ്കാരിക പരിപാടികൾ, 200 വാണിജ്യ സ്റ്റാളുകൾ എന്നിവ എല്ലാം ഒന്നിച്ച് ഒരു ഏജൻസിക്ക് വിളിച്ചെടുക്കാം. ഇതിനായുള്ള ലേലം 17നു നടക്കും. ഒന്നേകാൽ കോടി രൂപയാണു നിലവിൽ നിശ്ചയിച്ചിരിക്കുന്ന തുക. ഈ തുകയിൽ തുടങ്ങുന്ന ലേലത്തിൽ കൂടുതൽ തുക വിളിക്കുന്നവർക്ക് പൂപ്പൊലിയിലെ ഇത്രയും സംരംഭങ്ങൾ ഏറ്റെടുത്ത് നടത്താം. പ്രവേശന ടിക്കറ്റ് അടക്കമുള്ളവയും ഏജൻസികളുടെ നിയന്ത്രണത്തിലാകും. ലേലത്തിൽ വിളിച്ചെടുക്കുന്നവർക്ക് ആർക്ക് വേണമെങ്കിലും വ്യാപാര സ്റ്റാളുകളോ അമ്യൂസ്മെന്റ് പാർക്കോ നൽകാവുന്നതാണ്.

ലേലത്തിനുള്ള അറിയിപ്പ് കാർഷിക സർവകലാശാല കഴിഞ്ഞ 3നു പ്രസിദ്ധീകരിച്ചിട്ടുണ്ട്. 17ന് ഉച്ചകഴിഞ്ഞ തൃശൂർ കാർഷിക സർവകലാശാല ആസ്ഥാനത്താണ് ലേലം. ലേലം ലഭിച്ചാൽ 5 ദിവസത്തിനുള്ളിൽ ഏറ്റെടുക്കുന്ന ഏജൻസി ലേലം കൊള്ളുന്ന തുക പൂർണമായും സർവകലാശാലയിൽ അടയ്ക്കണമെന്നാണു നിർദേശം.

200 വ്യാപാര സ്റ്റാളുകൾ മാത്രമാണു ലേലത്തിൽ ഉൾപ്പെടുത്തി സ്വകാര്യ ഏജൻസികൾക്ക് നൽകുക. ബാക്കിയുള്ള 50 മുതൽ 70 വരെയുള്ള സ്റ്റാളുകൾ കാർഷിക ഗവേഷണ കേന്ദ്രത്തിന്റെ കീഴിലാകും. കാർഷിക സർവകലാശാല, ഗവേഷണ കേന്ദ്രങ്ങൾ, കാർഷിക സ്ഥാപനങ്ങൾ, മറ്റു സർക്കാർ സംവിധാനങ്ങൾ എന്നിവയ്ക്കാകും ഇതിൽ സ്റ്റാളുകൾ അനുവദിക്കുക.

# ടി.ജെ വിനോദ് എം.എൽ.എയുടെ സൗജന്യ സൂപ്പർ സ്പെഷ്യാലിറ്റി മെഡിക്കൽ ക്യാമ്പ് 15 ന്

**കൊച്ചി:** ടി.ജെ വിനോദ് എം.എൽ.എയുടെ നേതൃത്വത്തിൽ ഐ.എം.എയുടെ മേൽനോട്ടത്തിൽ നടക്കുന്ന കരുതലായ് എറണാകുളം സൗജന്യ സൂപ്പർ സ്പെഷ്യാലിറ്റി മെഡിക്കൽ ക്യാംപ് കടവന്ത്ര രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിൽ നടക്കും. രാവിലെ 8.30ന് എ.ഐ.സി.സി ജനറൽ സെക്രട്ടറി കെ.സി.വേണുഗോപാൽ ക്യാമ്പ് ഉദ്ഘാടനം ചെയ്യും. എറണാകുളം നിയോജകമണ്ഡലത്തിലെ താമസക്കാരായ അർഹരായ രോഗികൾക്ക് തുടർ ചികിത്സ സൗജന്യമായി ഉറപ്പ് വരുത്തുക എന്ന ലക്ഷ്യത്തോടെ ടി.ജെ വിനോദ് എം.എൽ.എ വിഭാവനം ചെയ്തിരിക്കുന്ന മെഡിക്കൽ ക്യാമ്പ് ബി.പി.സി.എൽ, കൊച്ചിൻ ഷിപ്യാർഡ്, ജിയോജിത്ത്, പെട്രോനെറ് ഉൾപ്പടെ സാമൂഹിക പ്രതിപദ്ധതയുള്ള നിരവധി സ്ഥാപനങ്ങളുടെയും ജില്ലയിലെ പ്രശസ്തമായ ആശുപത്രികളുടെയും സഹകരണത്തോടെയാണ് സംഘടിപ്പിക്കപ്പെടുന്നത്.സൗജന്യമായി കണ്ണ് പരിശോധനയും അതിന്റെ ഭാഗമായി ആവശ്യമുള്ളവർക്ക് എല്ലാം തിമിര ശസ്ത്രകീയയും കണ്ണടകളും വിതരണം ചെയ്യും. ക്യാമ്പിന്റെ ഭാഗമായി ഫോം പൂരിപ്പിക്കുന്ന മുഴുവൻ ആളുകൾക്കും കമ്പ്ലീറ്റ് ബ്ലഡ് പ്രൊഫൈൽ ടെസ്റ്റും ചെയ്ത് നൽകുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട് എന്നും ഫാസ്റ്റിംഗ് ബ്ലഡ് ഷുഗർ പരിശോധിക്കേണ്ടതായ ആളുകൾക്ക് ബ്ലഡ് നൽകിയതിന് ശേഷം കഴിക്കുന്നതിനുള്ള ലഘു ഭക്ഷണം ക്യാമ്പിൽ ലഭ്യമാക്കുമെന്നും ടി.ജെ.വിനോദ് എം.എൽ.എ പറഞ്ഞു.നിർദ്ദേശിക്കപ്പെടുന്ന മുഴുവൻ ആളുകൾക്കും എക്സ്റേ, ഇ.സി.ജി, മാമ്മോഗ്രാം, സി.ടി സ്ക്യാൻ, എം.ആർ.ഐ സ്ക്യാൻ ഉൾപ്പടെയുള്ള പരിശോധന ഫലങ്ങൾ തികച്ചും സൗജന്യമായി തന്നെ ലഭ്യമാക്കും. ക്യാമ്പിൽ പങ്കെടുക്കുന്ന ഓരോരുത്തരും ക്യാമ്പ് കഴിഞ്ഞു ഇറങ്ങുമ്പോൾ ഫോളോ അപ്പ് കൗണ്ടറിൽ നിർബന്ധമായും രജിസ്റ്റർ ചെയ്യണമെന്നും എം.എൽ.എ ആവശ്യപ്പെട്ടു.ഡിസംബർ 15 രാവിലെ 7 മണി മുതൽ ആരംഭിക്കുന്ന ക്യാമ്പിൽ സ്പോട്ട് രജിസ്ട്രേഷൻ സംവിധാനവും ലഭ്യമാണെന്നും ടി ജെ വിനോദ് എം.എൽ.എ പറഞ്ഞു.

സൊസൈറ്റി ടുഡേ
SOCIETY TODAY

# ഡിജിറ്റൽ വിദ്യാഭ്യാസമേഖലയിൽ പുതിയ ചുവടുവെയ്പ്പായി കിനാവ്, ട്രെൻഡ് പദ്ധതികൾ

**തിരുവനന്തപുരം:** ഡിജിറ്റൽ വിദ്യാഭ്യാസ യുഗത്തിൽ വിദ്യാർത്ഥികളേയും അധ്യാപകരേയും ഒരുപോലെ ശാക്തീകരിക്കുകയെന്ന ലക്ഷ്യത്തോടെ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എജ്യുക്കേഷണൽ ടെക്നോളജി (എസ്.ഐ.ഇ.ടി) യുടെ പുതിയ ചുവടുവെയ്പ്പ്. ഡിജിറ്റൽ വിദ്യാഭ്യാസമേഖലയ്ക്ക് കൂടുതൽ കരുത്ത് പകർന്ന് കിനാവ്, ട്രെൻഡ് പദ്ധതികൾക്ക് സംസ്ഥാനത്ത് തുടക്കമായി. തിരുവനന്തപുരം കട്ടേല ഡോ.അംബേദ്കർ മെമ്മോറിയൽ മോഡൽ റസിഡൻഷ്യൽ ഗേൾസ് ഹയർസെക്കണ്ടറി സ്കൂളിൽ നടന്ന പദ്ധതികളുടെ സംസ്ഥാനതല ഉദ്ഘാടനം പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി വി.ശിവൻകുട്ടി നിർവഹിച്ചു.

കിനാവ്, ട്രെൻഡ് (ടെക് റെഡി എഡ്യൂക്കേറ്റേഴ്സ് നെറ്റ്‌വർക്ക് ഇൻ ഡിസ്ട്രിക്റ്റ്) പദ്ധതികൾ വിദ്യാഭ്യാസത്തെ അവസരങ്ങളിലേക്കുള്ള കവാടമാക്കാനുള്ള സർക്കാരിന്റെ പ്രതിബദ്ധതയെ സൂചിപ്പിക്കുന്നുവെന്ന് മന്ത്രി പറഞ്ഞു. കിനാവ് പദ്ധതി ഉൾക്കൊള്ളുന്നതിന്റെയും പുതുമയുടെയും പ്രതീകമാണെന്നും ഡിജിറ്റൽ വിഭജനം നികത്തുന്നതിലൂടെ, കുട്ടികൾക്കായി സർഗാത്മകതയുടെ ഒരു ലോകം തുറക്കുമെന്നും മന്ത്രി വ്യക്തമാക്കി. കൂടാതെ അതിവേഗം വികസിച്ചുകൊണ്ടിരിക്കുന്ന സാങ്കേതിക ഭൂപ്രകൃതിയിൽ അർത്ഥവത്തായ തൊഴിൽ മേഖലയ്ക്കായി അവരെ പ്രാപ്തരാക്കുകയും ചെയ്യുന്നതായി മന്ത്രി അഭിപ്രായപ്പെട്ടു.

ട്രെൻഡ് പദ്ധതി വിദ്യാഭ്യാസമേഖലയെ ഉള്ളിൽ നിന്നും ശക്തിപ്പെടുത്തുന്നതായി മന്ത്രി വ്യക്തമാക്കി. 14 ജില്ലകളിലും സാങ്കേതിക വൈദഗ്ധ്യമുള്ള അധ്യാപകരുടെ ഒരു ശൃംഖല സൃഷ്ടിക്കുന്നതിലൂടെ, ഡിജിറ്റൽ ഉള്ളടക്കം സൃഷ്ടിക്കുന്നതിനുള്ള ശക്തമായ അടിത്തറ നിർമിക്കുകയാണ്. കേരളത്തിലുടനീളമുള്ള വിദ്യാർത്ഥികൾക്ക് പഠനം കൂടുതൽ ഫലപ്രദമാക്കുന്ന, സംവേദനാത്മകമായ ഡിജിറ്റൽ സാമഗ്രികൾ വികസിപ്പിക്കുന്നതിനുള്ള സാങ്കേതിക വൈദഗ്ധ്യം ഈ അധ്യാപകരെ അധ്യയനത്തിനായി കൂടുതൽ സജ്ജരാക്കുമെന്നും മന്ത്രി കൂട്ടിച്ചേർത്തു. സമൂഹത്തിന്റെ പുരോഗതിക്കായി സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുന്നതിനുള്ള സർക്കാരിന്റെ സമർപ്പണത്തിന്റെ ഫലമാണ് ഈ പദ്ധതികളെന്നും മന്ത്രി അറിയിച്ചു.

ഗ്രോത്രവിഭാഗത്തിലെ കുട്ടികളെ ദൃശ്യസാങ്കേതികവിദ്യയിൽ നൈപുണ്യമുള്ളവരാക്കി മാറ്റുകയെന്ന ലക്ഷ്യത്തോടെ നടപ്പാക്കുന്ന പദ്ധതിയാണ് കിനാവ്. ക്യാമറ, എഡിറ്റിങ്, ഗ്രാഫിക്സ്, അനിമേഷൻ തുടങ്ങിയ മേഖലകളിൽ നൂറ് കുട്ടികൾക്ക് പദ്ധതിയുടെ ഭാഗമായി പരിശീലനം നൽകും.

ഡിജിറ്റൽ ഉള്ളടക്ക നിർമാണത്തിൽ പ്രാപ്തരായ , സാങ്കേതിക വിദ്യയിൽ പ്രാവീണ്യമുള്ള അധ്യാപകരുടെ പൂൾ ജില്ലാതലത്തിൽ സജ്ജമാക്കുന്ന പദ്ധതിയാണ് ട്രെൻഡ് (ടെക് റെഡി എഡ്യൂക്കേറ്റേഴ്സ് നെറ്റ്‌വർക്ക് ഇൻ ഡിസ്ട്രിക്ട്സ്). പതിനാല് ജില്ലകളിലും തിരഞ്ഞെടുക്കപ്പെടുന്ന അധ്യാപകർക്ക് ഡിജിറ്റൽ ഉള്ളടക്ക നിർമാണത്തിൽ പരിശീലനം നൽകും. ഇവരുടെ സഹായത്തോടെ പാഠഭാഗങ്ങളുടെ ഡിജിറ്റൽ ഉള്ളടക്കങ്ങൾ ഓരോ ജില്ലയിലേയും ഡയറ്റുകളുടെ നേതൃത്വത്തിൽ വികസിപ്പിക്കും.

സ്കൂൾ ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ എസ്.ഐ.ഇ.ടി ഡയറക്ടർ ബി.അബുരാജ്, വാർഡ് കൗൺസിലർ എസ്.ആർ ബിന്ദു എന്നിവരും പങ്കെടുത്തു.




# യു എന്നിലേയും ഇന്ത്യൻ രാഷ്ട്രീയത്തിലേയും അനുഭവങ്ങൾ വ്യത്യസ്തം: ശശി തരൂർ

**കൊച്ചി:** ഐക്യരാഷ്ട്രസഭയിൽ പ്രവർത്തിച്ച നീണ്ട വർഷങ്ങളിൽ നിന്നും വ്യത്യസ്തമായ പലതും രാഷ്ട്രീയത്തിലിറങ്ങിയ ആദ്യ വർഷത്തിൽ പഠിക്കാൻ സാധിച്ചതായി ഡോ. ശശി തരൂർ എം പി. റോട്ടറി ഇന്റർനാഷണൽ സൗത്ത് ഏഷ്യ സോണുകളുടെ ഗവർണർമാരുടെ സമ്മേളനമായ റോട്ടറി ഇൻസ്റ്റിറ്റ്യൂട്ട് കൊച്ചി 2024ൽ സമാപന ദിവസത്തെ പ്ലീനറി സെഷനിൽ സംസാരിക്കുകയായിരുന്നു തരൂർ. ഐക്യരാഷ്ട്ര സഭയിലെ പ്രവർത്തനങ്ങളേയും ഇന്ത്യൻ രാഷ്ട്രീയത്തിലെ പ്രവർത്തനങ്ങളേയും താരതമ്യപ്പെടുത്താൻ സാധിക്കില്ല. മറ്റു ജനാധിപത്യങ്ങളിൽ നിന്നും ഇന്ത്യൻ രാഷ്ട്രീയത്തിന് വ്യത്യാസമുണ്ട്. ജനങ്ങൾ വലിയ പ്രതീക്ഷയാണ് പൊതുവെ പുലർത്താറുള്ളത്.ഇസ്രായേൽ ഗാസ, റഷ്യ യുക്രെയ്ൻ തുടങ്ങി ലോകം വലിയ പ്രശ്നങ്ങളിലൂടെയാണ് കടന്നു പോകുന്നത്. ലോകത്തിലെ വലിയ പ്രശ്നങ്ങളെല്ലാം ഐക്യരാഷ്ട്രസഭയുടെ മുന്നിലൂടെ കടന്നു പോകാറുണ്ടെന്നും തരൂർ പറഞ്ഞു. എല്ലാ കാര്യങ്ങളിലും ഹിന്ദുത്വ പറയുന്നവർ ഇന്ത്യയെന്ന പേരിനെ എതിർക്കുന്നത് എന്തുകൊണ്ടാണെന്ന് തനിക്ക് മനസ്സിലാകുന്നില്ലെന്നും തരൂർ പറഞ്ഞു. സിന്ധു നദിയുമായി ബന്ധപ്പെട്ട പ്രദേശത്തെ ഹിന്ദ് എന്ന് വിളിച്ചത് അറബികളാണ്. ഹിന്ദ് എന്ന വാക്കിൽ നിന്നാണ് ഹിന്ദു എന്ന പേര് വന്നത്. പാകിസ്താനികളേയും അഫ്ഗാനികളേയും ഉൾപ്പെടെ അറബികൾ ഹിന്ദികൾ എന്നാണ് വിളിക്കാറുള്ളതെന്ന് മൗലാനാ അബുൽ കലാമിനെ ഉദ്ധരിച്ച് ശശി തരൂർ പറഞ്ഞു.മലയാളിയാണെങ്കിലും കേരളത്തിൽ പഠിച്ചിട്ടില്ലാത്തതിനാൽ തന്റേത് സാഹിത്യ മലയാളമല്ലെന്നും പ്രാദേശിക മലയാളമാണ് സംസാരിക്കുന്നതെന്നും തരൂർ വ്യക്തമാക്കി. ഓരോരുത്തരും തങ്ങളുടെ മേഖലകൾ എന്താണെന്ന് തിരിച്ചറിഞ്ഞ് സാധിക്കുന്നതിൽ ഏറ്റവും മികച്ചത് ലോകത്തിന് നൽകണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.ജോലികൾ ഒന്നുമില്ലെങ്കിൽ ക്രിക്കറ്റ് കാണാനാണ് തനിക്ക് താത്പര്യമെന്നു പറഞ്ഞ ശശി തരൂർ ടി20 മത്സരങ്ങൾ ചെറുകഥ പോലെയും ടെസ്റ്റ് മത്സരങ്ങൾ നോവൽ പോലെയും ആസ്വദിക്കുമെന്നും പറഞ്ഞു.റോട്ടറി ഇന്റർനാഷണൽ മുൻ ഡയറക്ടർ എ എസ് വെങ്കിടേഷ് ചർച്ച നയിച്ചു. മുൻ ഡിസ്ട്രിക്ട് ഗവർണർ രാജ് മോഹൻ നായർ നന്ദി പറഞ്ഞു.സമാപന ചടങ്ങിൽ റോട്ടറി ഇന്റർനാഷണൽ പ്രസിഡന്റ് സ്റ്റെഫാനി എ അർഷിക്, റോട്ടറി ഇന്റർനാഷണൽ ഡയറക്ടർമാരായ അനിരുദ്ധ റോയ് ചൗധരി, രാജു സുബ്രഹ്മണ്യൻ, ഡയറക്ടറും ട്രഷററുമായ റോണ്ട ബത്ത് സ്റ്റബ്സ്, റോട്ടറി ഇൻസ്റ്റിറ്റ്യൂട്ട് ചെയർമാൻ ജോൺ ഡാനിയേൽ, കോ ചെയർ ആർ മാധവ് ചന്ദ്രൻ, റോട്ടറി ഇൻകമിംഗ് പ്രസിഡന്റ് സംഗ് കുയൻ, സെക്രട്ടറി ജോസ് ചാക്കോ എന്നിവർ പ്രസംഗിച്ചു.

# അന്യസംസ്ഥാന തൊഴിലാളികൾ പോർട്ടലിൽ രജിസ്റ്റർ ചെയ്യണം

**മാനന്തവാടി:** അന്യസംസ്ഥാന തൊഴിലാളികൾ ഡിസംബർ 31ന് മുമ്പായി അതിഥി പോർട്ടലിൽ രജിസ്റ്റർ ചെയ്യണം. കേരളത്തിൽ ജോലി ചെയ്യുന്ന അന്യസംസ്ഥാന തൊഴിലാളികളുടെ ക്ഷേമത്തിനായി കേരള സർക്കാർ തുടങ്ങിയ സംവിധാനമാണ് ആപ്പ്. ഇൻഷുറൻസ് പരിരക്ഷയും മറ്റ് ആനുകൂല്യങ്ങളും പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്ക് ഉറപ്പുവരുത്തും. ജില്ലയിൽ അന്യസംസ്ഥാന തൊഴിലാളികളെ കൊണ്ട് ജോലി ചെയ്യിപ്പിക്കുന്ന തൊഴിലുടമകൾ, കരാറുകാർ, ഇതര സംസ്ഥാന തൊഴിലാളികളെ താമസിപ്പിക്കുന്ന കെട്ടിട ഉടമകൾ എന്നിവർ നിർബന്ധമായും അതിഥി പോർട്ടലിൽ അന്യസംസ്ഥാന തൊഴിലാളികളെ രജിസ്റ്റർ ചെയ്യിപ്പിക്കേണ്ടതാണ്. ഗൂഗിൾ പ്ലേ സ്റ്റോറിൽ നിന്നും ആപ്പ് ഡൌൺലോഡ് ചെയ്ത് രജിസ്ട്രേഷൻ പൂർത്തിയാക്കാം. അസിസ്റ്റന്റ് ലേബർ ഓഫീസ്, ജില്ലാ ലേബർ ഓഫീസ് എന്നിവടങ്ങളിൽ നിന്നും കൂടുതൽ വിവരങ്ങൾ ലഭിക്കും. അസിസ്റ്റന്റ് ലേബർ ഓഫീസർ കൽപ്പറ്റ 8547655684, അസിസ്റ്റന്റ് ലേബർ ഓഫീസർ മാനന്തവാടി 04935 201071, 8547655686, അസിസ്റ്റന്റ് ലേബർ ഓഫീസർ സുൽത്താൻ ബത്തേരി 04936220522, 8547655690,ജില്ലാ ലേബർ ഓഫീസ്, സിവിൽ സ്റ്റേഷൻ 04936203905




# കേരളോത്സവത്തിന് തുടക്കമായി

**കൊച്ചി:** നഗരസഭയും സംസ്ഥാന യുവജനക്ഷേമ ബോർഡും സംയുക്തമായി സംഘടിപ്പിക്കുന്ന കേരളോത്സവത്തിന് തുടക്കമായി.ഇടപ്പള്ളി ലൈഫ് ജിംനേഷ്യത്തിൽ നടന്ന പഞ്ചഗുസ്തി മത്സരത്തോടെയാണ് കേരളോത്സവത്തിന് തുടക്കം കുറിച്ചത്.ഡിസംബർ 15 വരെയാണ് നഗരസഭാ തലത്തിൽ കേരളോത്സവം നടക്കുന്നത് .അന്താരാഷ്ട്ര ഗുസ്തി നാഷണൽ റഫറി എം.എം. സലീമുമായി മേയർ പഞ്ചഗുസ്തി നടത്തി ഉദ്ഘാടനം നിർവ്വഹിച്ച ചടങ്ങിൽ , വിദ്യാഭ്യാസകായിക കാര്യ സ്ഥിരം സമിതി ചെയർമാൻ വി.എ.ശ്രീജിത്ത് അദ്ധ്യക്ഷനായിരുന്നു .വികസന സ്ഥിരം സമിതി ചെയർമാൻ പി.ആർ റെനീഷ്, കൗൺസിലർമാരായ ദീപ വർമ്മ, ജോർജ് നാനാട്ട്, അംബിക സുദർശൻ, കെ.പി ലതിക ,മേഴ്സി ടീച്ചർ,രജനി മണി, സജിനി ജയചന്ദ്രൻ, ശാന്താ വിജയൻ, സീന ഗോകുലൻ എന്നിവരും , മണി ആശാൻ, എം.എം. ഗലിം, യൂത്ത് കോർഡിനേറ്റർമാരായ അരുൺ കുമാർ.കെ.സി. അനീസ് എന്നിവർ സംസാരിച്ചു.

# കേരള സെൻട്രൽ സ്കൂൾ ജില്ലാതല കായികമേള തലശ്ശേരിയിൽ

**കണ്ണൂർ:** കേന്ദ്ര സിലബസ് പ്രകാരം പ്രവർത്തിക്കുന്ന സ്കൂളുകളുടെ നാലാമത് ജില്ലാ കായികമേള സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ ആഭിമുഖ്യത്തിൽ ഡിസംബർ 16ന് തലശ്ശേരി ജസ്റ്റിസ് വി.ആർ കൃഷ്ണയ്യർ മെമ്മോറിയൽ മുൻസിപ്പൽ സ്റ്റേഡിയത്തിൽ നടക്കും. ജില്ലയിലെ സിബിഎസ്ഇ, ഐസിഎസ്ഇ, കേന്ദ്രീയ വിദ്യാലയ, നവോദയ സ്കൂളുകളിലെ വിദ്യാർഥികൾക്ക് പങ്കെടുക്കാം. ഡിസംബർ ഒമ്പതിന് മുമ്പായി രജിസ്ട്രേഷൻ പൂർത്തിയാക്കണം.

കേന്ദ്രീകൃത പോർട്ടൽ വഴിയാണ് രജിസ്ട്രേഷൻ. ഒരു വിദ്യാർഥിക്ക് പരമാവധി മൂന്നിനങ്ങളിൽ പങ്കെടുക്കാം.

സ്പോർട്സ് മീറ്റിന്റെ ലോഗോ അസിസ്റ്റൻറ് കലക്ടർ ഗ്രന്ധേ സായികൃഷ്ണ പ്രകാശനം ചെയ്തു. ജില്ലാ സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് കെ.കെ.പവിത്രൻ, സെക്രട്ടറി എവി പ്രദീപൻ, സി.എം.ഐ ക്രൈസ്റ്റ് സ്കൂൾ പ്രിൻസിപ്പൽ ഫാദർ ഷാന്റു വളയത്ത്, ഭാരതീയ വിദ്യാഭവൻ പ്രിൻസിപ്പൽ ഗീതാഞ്ജലി സുനിൽ എന്നിവർ സന്നിഹിതരായിരുന്നു.

ജില്ലാതല മത്സരത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടുന്നവർക്ക് ജനുവരി ആദ്യ വാരം എറണാകുളത്ത് നടക്കുന്ന സംസ്ഥാനതല മത്സരത്തിൽ പങ്കെടുക്കാൻ സാധിക്കും. വിജയികൾക്ക് ജില്ലാ സ്പോർട്സ് കൗൺസിൽ സർട്ടിഫിക്കറ്റുകൾ നൽകും. ഏകീകൃത രീതിയിലായിരിക്കും മത്സരങ്ങൾ നടത്തുകയെന്ന് സംസ്ഥാന ജനറൽ കൺവീനർ ഡോ. ഇന്ദിര രാജൻ അറിയിച്ചു.

# കര വിട്ട് മനുഷ്യന്റെ നോട്ടമെല്ലാം കടലിൽ: ഡോ. ബി മധുസൂദന കുറുപ്പ്




**കൊച്ചി:** കര വിഭവങ്ങൾ ഉപയോഗിക്കുകയും ചൂഷണം ചെയ്യുകയും ചെയ്ത മനുഷ്യന്റെ നോട്ടമെല്ലാം ഇപ്പോൾ കടലിലേക്കാണെന്ന് കുഫോസ് മുൻ വിസി ഡോ. ബി മധുസൂദന കുറുപ്പ്. കടലിലെ ജൈവ വൈവിധ്യം പോലെ പ്രധാനപ്പെട്ടതാണ് അജൈവ വസ്തുക്കളുടെ സമ്പന്നതയും. ധാതു ഖനനത്തിന്റെ വർധിതതോത് സൂചിപ്പിക്കുന്നതാണ്. ഫോക്ലോർ ഫെസ്റ്റിന്റെ ഭാഗമായ ക്ലൈമറ്റ് റൗണ്ട് ടേബിൾ സെമിനാറിൽ 'ബ്ലൂ ഇക്കോണമി  സാധ്യതകളും ആശങ്കകളും' എന്ന വിഷയത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. കൊച്ചിൻ ഷിപ്പ് യാർഡിന്റെ സിഎസ്ആർ വിഹിതത്തിൽ പ്ലാൻ@എർത്ത് എന്ന എൻജിഒയുടെ സഹകരണത്തോടെയാണ് സെമിനാറുകൾ നടത്തുന്നത്.ബ്ലൂ ഇക്കോണമി രംഗത്ത് ധാരാളം പ്രവർത്തനങ്ങൾ നടക്കാൻ പോവുകയാണ്. ബ്ലൂ ഇക്കോണമി നയങ്ങൾ കുറ്റൻ മൾട്ടി നാഷണൽ കമ്പനികളെ സഹായിക്കുകയും ശ്രദ്ധ കേന്ദ്രീകരിക്കുകയും ചെയ്യുന്നത് മാറ്റണം. സാധാരണക്കാരന് പ്രാമുഖ്യം ലഭ്യമാകണമെന്നും ഡോ. മധുസൂദന കുറുപ്പ് പറഞ്ഞു.70% വും വെള്ളം നിറഞ്ഞ ഭൂമിയിൽ ബ്ലൂ ഇക്കോണമിയുടെ പ്രാധാന്യം വിവിധ തലങ്ങളിൽ വളരെ വലുതാണെന്നു വൈപ്പിൻ ബ്ലോക്ക് പഞ്ചായത്ത് ബയോ ഡൈവേഴ്സിറ്റി മാനേജ്മെന്റ് കമ്മിറ്റി കൺവീനറും ഗവേഷകനുമായ ഡോ. കെ എസ് പുരുഷൻ പറഞ്ഞു. ബയോ ഡൈവേഴ്സിറ്റി കൺസർവേഷനുള്ള വികസനം അനിവാര്യമാണ്. വികസനം സുസ്ഥിരമായിരിക്കണമെന്നും അദ്ദേഹം പറഞ്ഞു.ബ്ലൂ ഇക്കോണമി ഇപ്പോൾ ബ്ലാക്ക് ഇക്കോണമി ആയെന്ന് കേരള മത്സ്യത്തൊഴിലാളി ഐക്യവേദി സംസ്ഥാന പ്രസിഡന്റ് ചാൾസ് ജോർജ് പറഞ്ഞു. ബ്ലൂ ഇക്കോണമിയെ അഴിമതിക്കുള്ള ഉപകരണമാക്കുകയാണിപ്പോൾ. കരയിലെ കൊള്ള കടലിലേക്കു മാറ്റുകയാണ്. പ്രകൃതിയും മനുഷ്യനും യന്ത്രങ്ങളും ഒരേ പോലെ പരിഗണിക്കുന്നതാണ് യഥാർത്ഥ വികസനമെന്നും ചാൾസ് ജോർജ് വ്യക്തമാക്കി.ആലുവ യുസി കോളേജ് ഇക്കണോമിക്സ് ഡിപ്പാർട്ട്മെന്റ് അസി.പ്രൊഫസർ ഡോ. സുനിൽ എബ്രാഹം തോമസ് മോഡറേറ്ററായി. വിശിഷ്ട വ്യക്തികൾക്ക് കെ എൻ ഉണ്ണിക്കൃഷ്ണൻ എംഎൽഎ ഉപഹാരം സമ്മാനിച്ചു. പ്ലാൻ @ എർത്തിലെ ഏക്പർണ ദാസ് സ്വാഗതം പറഞ്ഞു.




# സമുദ്രമേഖലയിലെ വികസനം: സിഎംഎഫ്ആർഐ സംസ്ഥാന സർക്കാരുമായി കൈകോർക്കുന്നു

**കൊച്ചി:** തീരദേശ അടിസ്ഥാന സൗകര്യമുൾപ്പെടെയുള്ള സമുദ്രമേഖലയിലെ വികസനപദ്ധതികളിൽ സംസ്ഥാന സർക്കാറുമായി സഹകരിക്കാനൊരുങ്ങി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം ഫിഷറീസ് വകുപ്പിന് കീഴിലുള്ള കേരള സംസ്ഥാന തീരദേശ മേഖല വികസന കോർപ്പറേഷനുമായി ഇത് സംബന്ധിച്ച് ധാരണയായി. കെ.എസ്.സി.എ.ഡി.സി. സമുദ്രമേഖലയിൽ നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ നടത്തിപ്പിന് സിഎംഎഫ്ആർഐ സാങ്കേതിക പിന്തുണ നൽകും.സിഎംഎഫ്ആർഐ ഡയറക്ടർ ഡോ ഗ്രിൻസൺ ജോർജും കെ.എസ്.സി.എ.ഡി.സി. മാനേജിംഗ് ഡയറക്ടർ പി ഐ ഷെയ്ഖ് പരീതും ധാരണാപത്രം ഒപ്പുവെച്ചു. ഹാച്ചറികൾ, സമുദ്ര അക്വേറിയങ്ങൾ, മറൈൻ പാർക്കുകൾ, കടലിലെ മത്സ്യകൃഷി കൂടുകൾ, കൃത്രിമ പാരുകൾ തുടങ്ങിയ പദ്ധതികളുടെ ആസൂത്രണം, രൂപകൽപന, നിർമാണം എന്നിവയിൽ സംയുക്ത സഹകരണമാണ് ലക്ഷ്യമിടുന്നത്.മത്സ്യബന്ധനരംഗത്ത് അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, സമുദ്രസമ്പത്തിന്റെ ഫലപ്രദമായ വിനിയോഗം, സമുദ്ര ജൈവവൈവിധ്യ സംരക്ഷണം, സമുദ്ര ആവാസ വ്യവസ്ഥകളുടെ സംരക്ഷണവും പുനഃസ്ഥാപനവും പ്രോത്സാഹിപ്പിക്കൽ, കേരളത്തിലെ മത്സ്യബന്ധന മേഖലയുടെ വളർച്ച ത്വരിതപ്പെടുത്തൽ തുടങ്ങിയവ ലക്ഷ്യമിട്ടാണ് സഹകരണം. മേഖലയിലെ വികസനപ്രവർത്തനങ്ങൾ സമുദ്രപരിസ്ഥിതിക്ക് ആഘാതമുണ്ടാക്കാതെയും ജൈവവൈവിധ്യ സംരക്ഷണം ഉറപ്പാക്കിയും രൂപകൽപന ചെയ്യാൻ സിഎംഎഫ്ആർഐയുടെ ശാസ്ത്രീയ അറിവുകൾ നിർണായകമാകുമെന്ന് ഡയറക്ടർ ഡോ ഗ്രിൻസൺ ജോർജ് പറഞ്ഞു.തീരദേശവാസികൾക്ക് സുസ്ഥിരവരുമാന അവസരങ്ങൾ സൃഷ്ടിക്കുന്ന ജലകൃഷിരീതികളും സാധ്യമായ മറ്റ് പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കാനും സഹകരണം പ്രയോജനപ്പെടും.




# സ്ത്രീകൾ ഭക്ഷണശീലത്തിൽ ഗൗരവമായ മാറ്റങ്ങൾ വരുത്തണം : പ്രൊഫസർ ഡോ. ജയശ്രീ നായർ

**കൊച്ചി:** വനിതകൾ നേരിടുന്ന  ആരോഗ്യ പ്രശ്നങ്ങൾ സംബന്ധിച്ച് കേരള മാനേജ്മെന്റ് അസോസിയേഷൻ പ്രഭാഷണം സംഘടിപ്പിച്ചു. അമൃത ഫെർട്ടിലിറ്റി സെന്റർ ഒബ്സ്റ്റട്രിക്സ് ആൻഡ് ഗൈനക്കോളജി വിഭാഗം പ്രൊഫസർ ഡോ. ജയശ്രീ നായർ മുഖ്യപ്രഭാഷണം നടത്തി. സ്ത്രീകൾ ഭക്ഷണശീലത്തിൽ ഗൗരവമായ മാറ്റങ്ങൾ വരുത്തണമെന്ന് അവർ പറഞ്ഞു. കൃത്യമായ ഇടവേളകളിൽ ആരോഗ്യ പരിശോധന നടത്തണം. ബ്ലീഡിങ്ങ് അടക്കമുള്ള ആരോഗ്യ അവസ്ഥകൾ നിസാരമായി തള്ളരുത്. കടുത്ത മാനസിക സമ്മർദം സ്ത്രീകളിൽ ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങളിലേക്ക് നയിച്ചേക്കാം. ഡയബറ്റിക് ബാധിതരായ സ്ത്രീകൾ കൂടുതൽ ശ്രദ്ധിക്കണം. ജീവിതശൈലീ രോഗങ്ങൾ സ്ത്രീകളെ ബാധിക്കില്ലെന്നത് മിഥ്യാധാരണയാണ്. യോഗ അടക്കമുള്ളവ പരിശീലിക്കുന്നത് മാനസിക സമ്മർദം കുറയ്ക്കാൻ സഹായിക്കും.

ഗർഭകാലത്ത് കൂടുതൽ ശ്രദ്ധ പുലർത്തണം. ചെറിയ ആരോഗ്യ പ്രശ്നങ്ങൾ പോലും അവഗണിച്ചാൽ ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങളിലേക്ക് നയിച്ചേക്കാമെന്നും അവർ പറഞ്ഞു. കെഎംഎ വൈസ് പ്രസിഡൻറ് അൾജിയേഴ്സ് ഖാലിദ് അധ്യക്ഷത വഹിച്ചു. വിമെൻ മാനേജേഴ്സ് ഫോറം ചെയർപേഴ്സൺ ലേഖ ബാലചന്ദ്രൻ, മാനേജിംഗ് കമ്മിറ്റി അംഗം ഡോ. രാധ തേവന്നൂർ എന്നിവർ സംസാരിച്ചു.

# അരുവിക്കര ഡാം ഡിസിൽറ്റേഷൻ പദ്ധതി ഉദ്ഘാടനം ഇന്ന്

**തിരുവനന്തപുരം:** അരുവിക്കര ഡാമിൽ നിന്നും എക്കലും മണ്ണും മാറ്റുന്ന ഡിസിൽറ്റേഷൻ പദ്ധതി ബുധനാഴ്ച (ഡിസംബർ 11)ന് ജലവിഭവവകുപ്പ് മന്ത്രി റോഷി അഗസ്റ്റിൻ ഉദ്ഘാടനം ചെയ്യും. ജി.സ്റ്റീഫൻ എം.എൽ.എ അധ്യക്ഷനായിരിക്കും.

അരുവിക്കര ഡാമിൽ മണ്ണും, മണലും അടിഞ്ഞു കൂടി സംഭരണശേഷിയിൽ കുറവ് സംഭവിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഡിസിൽറ്റേഷൻ പദ്ധതി നടപ്പാക്കുന്നത്. പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി ജലവിഭവ വകുപ്പിന് കീഴിലുള്ള പൊതുമേഖല സ്ഥാപനമായ കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷനെ (കെ.ഐ.ഐ.ഡി.സി.) ആണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. ന്യൂമാറ്റിക് സക്ഷൻ പമ്പോ, കട്ടർ സക്ഷൻ ഡ്രെഡ്ജറോ ഉപയോഗിച്ച് ഡാമിൽ നിന്നുള്ള മണ്ണും മണലും പമ്പു ചെയ്തു മാറ്റും. വെള്ളത്തിന്റെ അംശമുള്ള മാലിന്യവും മണലും വേർതിരിക്കാനുള്ള മെഷീനും ഇതിനായി ഉപയോഗിക്കും.

1934ൽ കരമാനയാറിനു കുറുകെ നിർമിച്ച ആർച്ച് ഡാം ആണ് അരുവിക്കര ഡാം. തിരുവനന്തപുരം നഗരത്തിലെ ജലസേചന ആവശ്യങ്ങൾ നിറവേറ്റുന്നതിൽ മുഖ്യപങ്ക് വഹിക്കുന്നത് അരുവിക്കര ഡാമാണ്. ഡിവൈൻ ഷിപ്പിംഗ് സർവീസസ് എന്ന കമ്പനിയാണ് പ്രവർത്തികൾ ഏറ്റെടുത്ത് നടത്തുന്നത്.

13.88 കോടി രൂപയാണ് ഡിസിൽറ്റേഷൻ പ്രവർത്തികൾക്കായി വിനിയോഗിക്കുന്നത്. പദ്ധതിയിൽ 10,24,586 ക്യുബിക് മീറ്റർ ഡിസിൽറ്റ് ചെയ്യുന്നത് വഴി സർക്കാരിന് വരുമാനവും, അരുവിക്കര ഡാമിൽ 1 മില്യൺ ക്യൂബിക് മീറ്റർ അധിക ജലസംഭരണശേഷി ഉറപ്പാക്കാനും സാധിക്കുമെന്ന് ജി.സ്റ്റീഫൻ എം.എൽ.എ പറഞ്ഞു.  അതുവഴി തിരുവനന്തപുരം നഗരത്തിലെ ജലസേചന ആവശ്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്താനും കഴിയും.

# ഫോട്ടോ ജേണലിസം ഡിപ്ലോമ കോഴ്സ്

**തിരുവനന്തപുരം:** കേരള മീഡിയ അക്കാദമി കൊച്ചി, തിരുവനന്തപുരം സെന്ററുകളിൽ നടത്തുന്ന ഫോട്ടോ ജേണലിസം കോഴ്സ് 13ാം ബാച്ചിലേക്ക് അപേക്ഷ ക്ഷണിച്ചു. തിയറിയും പ്രാക്ടിക്കലും ഉൾപ്പെടെ മൂന്നു മാസമാണ് കോഴ്സിന്റെ കാലാവധി. ശനി, ഞായർ ദിവസങ്ങളിലാണ് ക്ലാസുകൾ. ഓരോ സെന്ററിലും 25 സീറ്റുകൾ ഉണ്ട്. സർക്കാർ അംഗീകാരമുള്ള കോഴ്സിന് 25,000 രൂപയാണ് ഫീസ്. പ്ലസ്ടു വിദ്യാഭ്യാസ യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. അപേക്ഷകൾ www.keralamediaacademy.org വെബ്സൈറ്റിലൂടെ സമർപ്പിക്കാം. സർട്ടിഫിക്കറ്റുകളുടെ പകർപ്പും അപേക്ഷയോടൊപ്പം അപ്ലോഡ് ചെയ്യണം. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഡിസംബർ 16. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: (കൊച്ചി സെന്റർ) 8281360360, 04842422275, (തിരുവനന്തപുരം സെന്റർ) 9447225524, 04712726275.

സൊസൈറ്റി ടുഡേ
SOCIETY TODAY

# ഏകാരോഗ്യം പദ്ധതി മാതൃകാപരം; ആരോഗ്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി

**ആലപ്പുഴ:** ആലപ്പുഴ ജില്ല പൊതുജനാരോഗ്യരംഗത്ത് നടപ്പിലാക്കുന്ന ഏകാരോഗ്യം പദ്ധതിയുൾപ്പെടെയുള്ള പ്രവർത്തനങ്ങൾ മാതൃകാപരമെന്ന്

ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ഡോ. രാജൻ ഖോബ്രഗഡെ. ജില്ല നടത്തുന്ന മാതൃകാപരമായ പ്രവർത്തനങ്ങൾ നേരിട്ട് മനസ്സിലാക്കാൻ ആരോഗ്യ സ്ഥാപനങ്ങൾ സന്ദർശിച്ച ശേഷം ജില്ലാതല അവലോകനയോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ജില്ലാ കളക്ടർ അലക്സ് വർഗീസും യോഗത്തിൽ പങ്കെടുത്തു. ജില്ലയിലെ ഏകാരോഗ്യം പദ്ധതി കൂടാതെ ആന്റി മൈക്രോബിയൽ റസിസ്റ്റൻസ് നിയന്ത്രിക്കുന്നതിനും പ്രതിരോധിക്കുന്നതിനുമായി നടപ്പിലാക്കുന്ന അമരം, ടി ബി മുക്ത ആലപ്പുഴ, പക്ഷിപ്പനി പ്രതിരോധത്തിനായി ജില്ല നടപ്പിലാക്കിയ ജോയിന്റ് ഔട്ട് ബ്രേക്ക് ഇൻവസ്റ്റിഗേഷൻ, പെയിൻ ആന്റ് പാലിയേറ്റീവ് രംഗത്തെ മികവാർന്ന പ്രവർത്തനങ്ങൾ, വിവിധ പരിപാടികളുമായി ബന്ധപ്പെട്ട് ജില്ലയുടെ തനതായ ബോധവത്ക്കരണ ക്യാമ്പയിനുകൾ, മികച്ച മാതൃകകൾ എന്നിവയാണ് പ്രധാനമായും ചർച്ച ചെയ്തത്.

മനുഷ്യരുടെ ആരോഗ്യം മറ്റു ജീവജാലങ്ങളുടെയും പരിസ്ഥിതിയുടെയും ആരോഗ്യവുമായി ബന്ധപ്പെട്ടതാണെന്ന ആശയത്തിലധിഷ്ഠിതമായ പദ്ധതിയാണ് ഏകാരോഗ്യം. ഇത് നടപ്പിലാക്കുന്ന കേരളത്തിലെ നാല് ജില്ലകളിൽ ഒന്നാണ് ആലപ്പുഴ. ഇതുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ ജില്ലയിലെ ഏകാരോഗ്യ പ്രവർത്തകരുമായി നേരിട്ട് ചർച്ച ചെയ്യുകയും, മികച്ച പ്രവർത്തനങ്ങളെ പറ്റി വിശകലനം ചെയ്യുകയും,ഭാവി പരിപാടികളെ പറ്റിയുള്ള ആശയങ്ങൾ പങ്കുവയ്ക്കുകയും ചെയ്തു. പക്ഷിപ്പനി ജില്ലയിൽ ഉണ്ടാകാറുണ്ടെങ്കിലും വളർത്തു പക്ഷികൾക്കു പുറമേ മറ്റു പക്ഷികളിലേക്ക് രോഗമുണ്ടായ സാഹചര്യം ഈ വർഷം ഉണ്ടായി. എങ്കിലും കൂട്ടായ രോഗപ്രതിരോധ പ്രവർത്തനങ്ങളിലൂടെ രോഗ നിയന്ത്രണവും പ്രതിരോധവും ഉറപ്പാക്കാൻ ജില്ലയ്ക്ക് സാധിച്ചുവെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

പക്ഷിപ്പനി പ്രതിരോധത്തിനായി സംസ്ഥാനത്ത് ആദ്യമായി ജോയിൻ ഔട്ട് ബ്രേക്ക് ഇൻവെസ്റ്റിഗേഷൻ നടപ്പിലാക്കിയത് ജില്ലയിലാണ്. ചേർത്തല സൗത്തിൽ നടത്തിയ പഠന റിപ്പോർട്ട് ഏകാരോഗ്യം ജില്ലാ നോഡൽ ഓഫിസർ ഡോ. ബിനോയ്, ചേർത്തല തെക്ക് കുടുംബരോഗ്യകേന്ദ്രം മെഡിക്കൽ ഓഫീസർ ഡോ. ടെനി, ദേശീയ ആരോഗ്യ ദൗത്യം ജില്ലാ പ്രോഗ്രാം മാനേജർ ഡോ. കോശി സി പണിക്കർ എന്നിവർ അവതരിപ്പിച്ചു. ഈ പ്രവർത്തനത്തിൽ പങ്കാളികളായ ആരോഗ്യ പ്രവർത്തകരുമായി അദ്ദേഹം നേരിട്ട് വിവരങ്ങൾ അറിയുകയും

പ്രസ്തുത റിപ്പോർട്ട് പക്ഷിപ്പനി പ്രതിരോധ നിയന്ത്രണ രംഗത്ത് ജില്ല നടത്തിയ ശാസ്ത്രീയമായ പഠനം വിവിധ തലങ്ങളിൽ നടപ്പിലാക്കേണ്ട പ്രവർത്തനങ്ങളെക്കുറിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ആരോഗ്യ വകുപ്പ്, അനുബന്ധ വകുപ്പുകൾ, കർഷകർ, പൊതുജനങ്ങൾ സ്വീകരിക്കേണ്ട പ്രവർത്തനങ്ങളെ കുറിച്ച് വ്യക്തമായ മാർഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്നതാണെന്ന് അദ്ദേഹം വിലയിരുത്തി. സംസ്ഥാന തലത്തിൽ സ്വീകരിക്കേണ്ട നടപടികളിൽ ആവശ്യമായ ഇടപെടൽ ഉണ്ടാകുമെന്നും അദ്ദേഹം ഉറപ്പു നൽകി.

പെയിൻ ആന്റ് പാലിയേറ്റീവ് രംഗത്ത് ജില്ലയിൽ ആശുപത്രികൾ കേന്ദ്രീകരിച്ചും ഫീൽഡ് തലത്തിലും നടപ്പിലാക്കുന്ന പ്രവർത്തനങ്ങളെ പറ്റി ജില്ലാ മെഡിക്കൽ ഓഫീസർ ഇൻ ചാർജും നോഡൽ ഓഫീസർ കൂടിയായ ഡോ. അനു വർഗീസ് റിപ്പോർട്ട് അവതരിപ്പിച്ചു. ക്ഷയരോഗ നിവാരണം സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെ ക്ഷയരോഗ മുക്ത പഞ്ചായത്ത് പദ്ധതിയുമായി ബന്ധപ്പെട്ട് ജില്ലയിൽ നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ ജില്ലാ ടി ബി യൂണിറ്റിനെ പ്രതിനിധീകരിച്ച് ഡോ. മെൽവിൻ അവതരിപ്പിച്ചു. ജില്ലയിലെ ആശുപത്രികൾ ക്വാളിറ്റി കൺട്രോളുമായി ബന്ധപ്പെട്ട് ദേശീയ തലത്തിൽ നേടിയ അംഗീകാരങ്ങളെ ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി പ്രത്യേകം പ്രശംസിച്ചു. ലക്ഷ്യ സർട്ടിഫിക്കേഷൻ നേടിയ മാവേലിക്കര ജില്ലാ ആശുപത്രിക്കുള്ള സർട്ടിഫിക്കേഷൻ അഡീഷണൻ ചീഫ് സെക്രട്ടറിയിൽ നിന്നും ആശുപത്രി സൂപ്രണ്ട് ഡോ. ജിതേഷ് ഏറ്റുവാങ്ങി.

ആന്റി മൈക്രോബിയൽ പ്രതിരോധത്തിനെതിരെ അനുകരണീയമായ പ്രവർത്തനങ്ങളാണ് ആന്റി മൈക്രോബിയൽ റെസിസ്റ്റൻസ് വാരാചരണവുമായി ബന്ധപ്പെട്ട് ജില്ലയിൽ നടന്നത് എന്ന് അദ്ദേഹം വിലയിരുത്തി.ആലപ്പുഴ ജില്ലയുടെ തനത് പരിപാടിയായ അമരം ആലപ്പുഴ മോഡൽ ഫോർ ആന്റിമൈക്രോബയൽ റെസിസ്റ്റൻസ് ആൻഡ് മിറ്റിഗേഷൻ പദ്ധതി സംസ്ഥാനത്ത് തന്നെ മാതൃകയാണ് എന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

നവംബർ 18 മുതൽ 24 വരെ ലോക ആന്റി മൈക്രോബിയൽ പ്രതിരോധ ബോധവൽക്കരണ വാരാചരണം സംഘടിപ്പിച്ചിരുന്നു.വാരാചരണത്തോടനുബന്ധിച്ച് മാതൃകാപരമായ പ്രവർത്തനങ്ങൾ കൂടുതൽ മികവാർന്ന നിലയിൽ നടത്തിയ ആലപ്പുഴ വനിതാ ശിശു ആശുപത്രി, സാമൂഹ്യ ആരോഗ്യ കേന്ദ്രം മുഹമ്മ, സാമൂഹ്യ ആരോഗ്യ കേന്ദ്രം മാന്നാർ, കുടുംബാരോഗ്യ കേന്ദ്രങ്ങളായ എഴുപുന്ന ,തകഴി, തുറവൂർ തെക്ക്, ചേർത്തല തെക്ക് ചെട്ടികുളങ്ങര,മാരാരിക്കുളം വടക്ക്, വീയപുരം ആശുപത്രികളെ ജില്ലാ കലക്ടറുടെ സാന്നിധ്യത്തിൽ അദ്ദേഹം അനുമോദിച്ചു. അമരം പദ്ധതിയുമായി ബന്ധപ്പെട്ട് ജില്ല യിൽ നടത്തിയ പ്രവർത്തനങ്ങൾക്കുള്ള ഉപഹാരം ഏകാരോഗ്യം ജില്ലാ മെന്റർ സോണി ജില്ലാ കളക്ടറിൽ നിന്നു ഏറ്റുവാങ്ങി.

ജില്ലാ മെഡിക്കൽ ഓഫീസ് ആരോഗ്യ വിദ്യാഭ്യാസ ബോധവൽക്കരണ വിഭാഗം തയ്യാറാക്കിയ ജില്ലയിലെ നൂതനവും വ്യത്യസ്തവുമായ ബോധവത്കരണ പ്രവർത്തനങ്ങൾ അടങ്ങിയ ന്യൂസ് ലെറ്റർ നീനു ടോക്സിന്റെ പ്രകാശനവും അഡീ. ചീഫ് സെക്രട്ടറി ഡോ. രാജൻ ഖോബ്രഗഡെയും ജില്ലാ കളക്ടറും അലക്സ് വർഗീസും ചേർന്ന് നിർവഹിച്ചു.

ജില്ലാ മെഡിക്കൽ ഓഫീസർ ഇൻ ചാർജ് ഡോ. അനുവർഗീസ്, ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. ദിലീപ് കുമാർ എസ് ആർ ,ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. അനന്ത് മോഹൻ , ആർദ്രം നോഡൽ ഓഫീസർ ഡോക്ടർ ബിനോയ് , ജില്ലാ പ്രോഗ്രാം മാനേജർ ഡോക്ടർ കോശി സി പണിക്കർ, ജില്ലാതല പോഗ്രാം ഓഫീസർമാർ എന്നിവർ പങ്കെടുത്തു.

# ഉപഭോക്തൃതർക്ക പരിഹാരകേസുകളിൽ പരിഹാരം വേഗത്തിലാകും: മന്ത്രി ജി.ആർ. അനിൽ

**കോട്ടയം:** സംസ്ഥാനത്ത് എല്ലാ ജില്ലകളിലും മീഡിയേഷൻ സെന്ററുകൾ പൂർത്തിയായതോടെ ഉപഭോക്തൃ തർക്ക പരിഹാര കമ്മിഷനുകൾക്കു മുന്നിലുള്ള പരാതികളിൽ വേഗത്തിൽ പരിഹാരം ഉണ്ടാക്കാനാകുമെന്ന് ഭക്ഷ്യപൊതുവിതരണ ഉപഭോക്തൃകാര്യ ലീഗൽ മെട്രോളജി വകുപ്പ് മന്ത്രി അഡ്വ. ജി.ആർ. അനിൽ. വടവാതൂരിലെ ജില്ലാ ഉപഭോക്തൃ തർക്ക പരിഹാരകേന്ദ്രത്തിൽ നിർമാണം പൂർത്തിയാക്കിയ മീഡിയേഷൻ സെന്റർ ഉദ്ഘാടനവും ലീഗൽ സർവീസ് അതോറിട്ടിയുമായി സഹകരിച്ചു നടത്തുന്ന ഗ്രാഹക് മധ്യസ്ഥ സമാധാൻ ലോക് അദാലത്തിന്റെ സംസ്ഥാനതല ഉദ്ഘാടനവും നിർവഹിച്ചു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

25829 കേസുകളാണ് സംസ്ഥാന, ജില്ലാ ഉപഭോക്തൃ തർക്കപരിഹാര കമ്മിഷനുകൾക്കു മുന്നിൽ നിലവിലുള്ളത്. കോടതികളുടെ വ്യവഹാരക്രമങ്ങളിൽ പെടാതെ സാധാരണ ജനങ്ങൾക്കു നീതി വേഗത്തിൽ ലഭ്യമാക്കാനാണ് മീഡിയേഷൻ സെന്ററുകൾ സ്ഥാപിച്ചിട്ടുള്ളത്. ഉപഭോക്തൃ കമ്മിഷനുകൾക്കു മുന്നിലെത്തുന്ന കേസുകളിൽ ഇപ്പോൾ വേഗത്തിൽ പരിഹാരമുണ്ടാകുന്നുണ്ട്. അതിന്റെ പ്രധാനകാരണം മീഡിയേഷൻ സെന്ററുകളാണെന്നും മന്ത്രി പറഞ്ഞു.

ഉപഭോക്തൃ തർക്ക പരിഹാര കമ്മിഷന്റെ വിധികൾ പ്രധാന്യത്തോടെ നൽകുന്നതിൽ മുഖ്യധാരാമാധ്യമങ്ങൾ വിമുഖത കാട്ടുകയാണെന്നും കോർപറേറ്റ് പരസ്യ താൽപര്യങ്ങൾ കാരണമാണിതെന്നും മന്ത്രി പറഞ്ഞു.

ചടങ്ങിൽ തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ.എ. അധ്യക്ഷത വഹിച്ചു. സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ അംഗം കെ.ആർ. രാധാകൃഷ്ണൻ ഉപഭോക്തൃസന്ദേശം നൽകി. ജില്ലാ ലീഗൽ സർവീസ് അതോറിറ്റി സെക്രട്ടറി ജി. പ്രവീൺ കുമാർ മുഖ്യപ്രഭാഷണം നടത്തി. ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര കമ്മിഷൻ അധ്യക്ഷൻ വി.എസ് മനുലാൽ, അംഗങ്ങളായ ആർ. ബിന്ദു, കെ.എം. ആന്റോ, പൊതുമരാമത്ത് കെട്ടിടവിഭാഗം എക്സിക്യൂട്ടീവ് എൻജിനീയർ പി. ശ്രീലേഖ, അഭിഭാഷകരായ ഡൊമിനിക് മുണ്ടമറ്റം, വി.ബി. ബിനു, ജിതേഷ് ജെ. ബാബു, എസ്.എം. സേതുരാജ്, പി.ഐ. മാണി എന്നിവർ പ്രസംഗിച്ചു.



ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനിൽ നിലവിലുള്ള കേസുകൾ മധ്യസ്ഥ ചർച്ചകളിലൂടെ മീഡിയേഷൻ സെന്ററുകൾ ആരംഭിച്ചിട്ടുള്ളത്. 31.79 ലക്ഷം രൂപ ചെലവിട്ടു 2467 ചതുരശ്ര അടിയിലാണ് ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ കെട്ടിടത്തിന്റെ മുകളിലത്തെ നിലയിൽ മീഡിയേഷൻ സെന്റർ പൂർത്തീകരിച്ചിട്ടുള്ളത്.

ഉപഭോക്തൃ തർക്ക പരിഹാര കമ്മിഷന്റെ പരിഗണനയിലിരിക്കുന്ന തർക്കങ്ങൾ അതിവേഗം പരിഹരിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി ഉപഭോക്തൃകാര്യ വകുപ്പും കേരള ലീഗൽ സർവീസ് അതോറിറ്റിയും സംയുക്തമായാണു ഗ്രാഹക് മധ്യസ്ഥ സമാധാനും ലോക് അദാലത്തും നടത്തുന്നത്.





# എറണാകുളം ബൈപാസ്: അതിർത്തി തിരിച്ചു കല്ലിടൽ പുനരാരംഭിച്ചു

**അങ്കമാലി:** കരയാംപറമ്പിൽ ആരംഭിച്ച് നെട്ടൂരിൽ അവസാനിക്കുന്ന കുണ്ടന്നൂർ ബൈപാസിന്റെ (എറണാകുളം ബൈപാസ്) അതിർത്തി തിരിച്ചു കല്ലിടൽ ജോലികൾ പുനരാരംഭിച്ചു. പട്ടിമറ്റം ഭാഗത്തു നിന്നാണ് കല്ലിടൽ വീണ്ടും തുടങ്ങിയത്. മഴ പെയ്തു വെള്ളം ഉയർന്നതിനാൽ കല്ലിടൽ നിർത്തിവച്ചിരിക്കുകയായിരുന്നു. കാലാവസ്ഥ മോശമായതിനാൽ സാറ്റലൈറ്റ് അടയാളപ്പെടുത്തലും ദുഷ്കരമായതിനാലാണു കല്ലിടൽ നിർത്തിവച്ചത്. നേരത്തെ പട്ടിമറ്റം മുതൽ അങ്കമാലിയിലേക്ക് 10 കിലോമീറ്റർ ദൂരത്തിലും കുണ്ടന്നൂർ ഭാഗത്തേക്ക് ഒരു കിലോമീറ്റർ ദൂരത്തിൽ അതിർത്തി തിരിച്ചു കല്ലുകൾ ഇട്ടിരുന്നു.

ഹൈദരാബാദ് ആസ്ഥാനമായുള്ള സർവേ ഏജൻസിയുടെ നേതൃത്വത്തിലാണു കല്ലിടുന്നത്. സർവേ നമ്പറുകളിലെ എത്ര സ്ഥലം നഷ്ടമാകുമെന്ന് ഉൾപ്പെടെയുള്ള വിവരങ്ങൾ ദേശീയപാത അധികൃതരുടെ സർവേ നടപടികൾ പൂർത്തിയായാൽ അറിയാനാകും. റോഡിനായി ഭൂമി ഏറ്റെടുക്കുമ്പോൾ നിലവിലുള്ള അവസ്ഥ അടിസ്ഥാനമാക്കില്ലെന്ന സ്പെഷൽ തഹസിൽദാരുടെ ഓഫിസിൽ നിന്നുള്ള അറിയിപ്പ് ഭൂവുടമകളിൽ ആശങ്ക ഉയർത്തിയിട്ടുണ്ട്. 3 എ വിജ്ഞാപനം പുറപ്പെടുവിക്കുന്ന സമയത്ത് ഭൂമിയുടെ തരം ഏതാണോ അതുപ്രകാരമാണ് നഷ്ടപരിഹാരം കണക്കാക്കാൻ സാധിക്കൂയെന്നും കത്തിൽ ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

പൊതു ആവശ്യത്തിന് ഭൂമി ഏറ്റെടുക്കുമ്പോൾ ബിടിആർ അല്ല നോക്കേണ്ടതെന്നും നിലവിലുള്ള അവസ്ഥയാണെന്നതും സംബന്ധിച്ചു ഹൈക്കോടതി ഡിവിഷൻ ബെഞ്ചിന്റെ വിധിയുണ്ടെന്നും പുരയിട സ്വഭാവമുള്ള ഭൂമി ആണെങ്കിൽ പുരയിടത്തിന്റെ വില നൽകണമെന്നാണു ഭൂമി നഷ്ടമാകുന്നവരുടെ ആക്ഷൻ കൗൺസിൽ ആവശ്യപ്പെടുന്നത്. ബിടിആറിൽ നിലമായി കിടക്കുന്ന ഭൂമിയിൽ കെട്ടിടങ്ങളും മറ്റുമുണ്ട്.

കെട്ടിടങ്ങളുള്ള ഇത്തരം ഭൂമി റോഡിനായി വിട്ടുകൊടുക്കുന്ന ഭൂവുടമകൾ വലിയ നഷ്ടം സഹിക്കേണ്ടി വരും. ബിടിആറിൽ നിലമെന്നു രേഖപ്പെടുത്തുകയും ഇപ്പോൾ പുരയിട സ്വഭാവം ഉള്ളവരുമായ ഭൂവുടമകൾ ഒട്ടേറെ പരാതികൾ നൽകിയിട്ടുണ്ട്.

എന്നാൽ അനുകൂലമായ നടപടികളൊന്നും ഉണ്ടായിട്ടില്ല. സ്ഥലം ഏറ്റെടുക്കുമ്പോൾ കെട്ടിടങ്ങളുടെ കാലപ്പഴക്കം പരിഗണിക്കാതെ തന്നെ ഇപ്പോഴത്തെ നിർമാണ ചെലവ് കണക്കാക്കണമെന്നും കെട്ടിടങ്ങളും വീടുകളും നഷ്ടപ്പെടുന്നവർക്ക് ഇപ്പോഴത്തെ നിർമാണ ചെലവിന് ആനുപാതികമായി നഷ്ടപരിഹാരം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും ഉൾപ്പെടെ ആവശ്യപ്പെട്ട് എംപിമാർ കഴിഞ്ഞദിവസം കേന്ദ്ര മന്ത്രി നിതിൻ ഗഡ്കരിക്ക് നിവേദനം നൽകിയിരുന്നു.

# ചണത്തിലും മുളയിലും തീർത്ത ക്രിസ്മസ് നക്ഷത്രങ്ങൾ തയ്യാർ

**കൊച്ചി:** മറൈൻ ഡ്രൈവിൽ നടക്കുന്ന 21ാമത് ബാംബൂ ഫെസ്റ്റിലെത്തിയാൽ ഏതൊരാളുടേയും കണ്ണ് ആദ്യം ഉടക്കുക തൂങ്ങിക്കിടക്കുന്ന ക്രിസ്മസ് സ്റ്റാറുകളിലേയ്ക്കും വിളക്കുകളിലേയ്ക്കുമാകും. ഇത്തവണ പുൽക്കൂട് ഉൾപ്പെടെ ക്രിസ്മസിനെ വരവേൽക്കാനുള്ള നിരവധി ഉൽപ്പന്നങ്ങളാണ് മേളയിലുള്ളത്.വിവിധ തരം നക്ഷത്രങ്ങളിൽ ഏറ്റവും ആകർഷണീയം ചണത്തിൽ നിർമിച്ചവയാണ്. ആദ്യ ദിവസം തന്നെ 10,000 രൂപയ്ക്ക് മുകളിലാണ് ഇവയുടെ വിൽപ്പന നടന്നത്. വയനാട് മേപ്പാടിയിൽ നിന്നുള്ള ഗ്ലോബൽ ബാംബൂ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നാണ് ഇത്തവണ ചണം കൊണ്ട് നിർമിച്ച സ്റ്റാർ എത്തിയിട്ടുള്ളത്. ഒരു ദിവസം ഒരാൾക്ക് പരമാവധി രണ്ടെണ്ണം മാത്രമാണ് നിർമിക്കാൻ കഴിയൂവെന്ന് ജീവനക്കാർ പറയുന്നു. 1000 രൂപയാണ് വിലയെങ്കിലും ആവശ്യക്കാർക്ക് വിലയിൽ അൽപ്പം കുറച്ചും കൊടുക്കാറുണ്ട്. ജൂട്ട് കൊണ്ട് നിർമിച്ച പൂക്കളും



ഇതിനോടൊപ്പമുണ്ട്.മുള കൊണ്ട് മാത്രം നിർമിച്ച സ്റ്റാറുകളും മറ്റ് സ്റ്റോളുകളിൽ ഉണ്ട്. ഓയിൽ പേപ്പറിനും തുണിക്കുമൊപ്പം മുളകൊണ്ട് നിർമിച്ച സ്റ്റാറുകൾക്ക് വലുപ്പത്തിനനുസരിച്ച് 1000 രൂപ മുതൽ 3000 രൂപ വരെ വില വരും. മുളകൊണ്ട് മാത്രം നിർമിച്ച നക്ഷത്രങ്ങൾക്ക് വില അൽപ്പം കൂടുതലാണെങ്കിലും ആവശ്യക്കാർ ഏറെയാണ്.ചൂരൽ കൊണ്ടുള്ള ക്രിസ്മസ് സാധനങ്ങളാണ് മറ്റൊരു ആകർഷണീയ ഇനം. കഴിഞ്ഞ വർഷം ഫർണിച്ചറുകളും മറ്റുമായിരുന്നുവെങ്കിൽ ഇത്തവണ വൈറ്റില സ്വദേശി വർഗീസ് ജോബ് മേളയ്ക്കെത്തിയത് നിറയെ ക്രിസ്മസ് ഉൽപ്പന്നങ്ങളുമായാണ്. ആദ്യ ദിവസം തന്നെ പുൽക്കൂടും നക്ഷത്രവും എല്ലാം വിറ്റു തീർന്നു. നക്ഷത്രങ്ങൾക്ക് ആവശ്യക്കാർ ഏറെയാണ്. ഏറെ കാലം കേടു കൂടാതെ നിൽക്കും എന്നതാണ് ആളുകളെ ചൂരൽ നക്ഷത്രത്തിലേയ്ക്ക് ആകർഷിക്കുന്നതെന്ന് വൈറ്റില സ്വദേശിയായ വർഗീസ് പറയുന്നു. 600 മുതൽ 2000 വരെയാണ് ചൂരൽ നക്ഷത്രങ്ങളുടെ വില. ചൂരലിന്റെ ക്രിസ്മസ് ട്രീയ്ക്കും ആവശ്യക്കാർ ഏറെയാണ്. 250 മുതൽ മുകളിലേയ്ക്കാണ് ക്രിസ്മസ് ട്രീയുടെ വില. കൂടാതെ ക്രിസ്മസിന് ഇണങ്ങുന്ന തരത്തിലുള്ള മണികളും ലാംപ് ഷെയ്ഡുകളും ഇവരുടെ സ്റ്റോളിലുണ്ട്. ഡിസംബർ 7ന് ആരംഭിച്ച മേള ഡിസംബർ 12ന് അവസാനിക്കും. രാവിലെ 10.30 മുതൽ രാത്രി 8.30 വരെയാണ് പ്രവേശനം. മേളയിൽ പ്രവേശനം സൗജന്യമാണ്.

# സീയ സീസൺസ്: വനിതാ സംരംഭക്ത്വ സംഗമവും പ്രദർശനവും




**കൊച്ചി:** വനിതാ സംരംഭകരുടെ പ്രദർശനമായ സീയ സീസൺസ് പതിമൂന്നാമത് എഡിഷൻ ഡിസംബർ 11,12 തീയതികളിൽ പനമ്പിള്ളി നഗർ അവന്യൂ സെന്ററിൽ നടക്കുമെന്ന് ഈവന്റ് കോഡിനേറ്റർ സീനത്ത് അഷ്റഫ് വാർത്താ സമ്മേളനത്തിൽ പറഞ്ഞു. കേരളത്തിനകത്തും പുറത്തും നിന്നെത്തുന്ന നൂറിൽപരം വനിതകളുടെ വ്യത്യസ്ത ഉൽപ്പന്നങ്ങളുടെ പ്രദർശനവും വിൽപ്പനയും സംഘടിപ്പിക്കുന്ന സീയ സീസൺസ് എക്സ്സിബിഷൻറെ 13 മത് എഡിഷൻ, ഒട്ടേറെ പ്രത്യേകതകളോടെയാണ് ഇത്തവണ നടക്കുന്നത്.ഡിസംബർ 11 നു രാവിലെ 10.30 മണിക്ക് നാഷണൽ സ്മോൾ ഇൻഡസ്ട്രിസ് കോർപറേഷൻ മാനേജർ ഗ്രേസ് റെജി , കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എന്റർപ്രെണർഷിപ് ഡെവലപ്പ്മെന്റ് സി ഇ ഒ ബെനഡിക്ട് വില്യം എന്നിവർ ചേർന്ന് എക്സ്പോ ഉദ്ഘാടനം ചെയ്യും. ചടങ്ങിൽ ചലച്ചിത്ര താരവും മോഡലുമായ കല്യാണി പണിക്കർ, പേഴ്സണാലിറ്റി ട്രെയിനർ പ്രിയ ശിവദാസ് മോഡലും അവതാരകയുമായ അഖില അവറാച്ചൻ, വനിത സംരംഭകരായ ലീല ബേബി, സോണിയ ഗ്ലാഡിസൺ, ഫാഷൻ ഡിസൈനർ നിതിന തുടങ്ങി പ്രമുഖ വ്യക്തിത്വങ്ങൾ പങ്കെടുക്കും. കേരളത്തിലേയും ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നും എത്തുന്ന 100ൽപരം സ്ത്രീ സംരംഭകരുടെ വ്യത്യസ്ത ഉൽപ്പന്നങ്ങൾ പരിചയപ്പെടാൻ എത്തുന്ന സന്ദർശകരായ ഭാഗ്യശാലികൾക്ക് വിവിധ സമ്മാനങ്ങളും ലഭിക്കും.സിയ സീസൻസ് സംഘടിപ്പിക്കുന്ന പതിമൂന്നാമത് എഡിഷന്റെ ഭാഗമായി സ്ത്രീ സംരംഭകർക്കുള്ള ബിസിനെസ് ആശയങ്ങളെ പ്രവർത്തികമാക്കാനുള്ള കേന്ദ്ര കേരള സഹായങ്ങക്കുറിച്ചുള്ള മാർഗ്ഗനിർദേശങ്ങൾ ലഭ്യമാക്കുന്നതിനു വേണ്ടി ക്ലാസ്സുകളും സ്റ്റാൾ സൗകര്യം തയ്യാറാക്കിയിട്ടുണ്ടെന്നും സീനത്ത് അഷ്റഫ് പറഞ്ഞു. കേരളത്തിലെ വനിതാ സംരംഭകർക്ക് എല്ലാ പിന്തുണയും നിർദേശങ്ങളും ദ്വിദിന മേളയിൽ ലഭിക്കും. പ്രിയ ശിവദാസ്, അഖില അവറാച്ചൻ, ലീല ബേബി, സോണിയ ഗ്ലാഡിസൺ, നിതിന എന്നിവരും വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

# പ്രവാസികൾക്കായി നോർക്കയുടെ സൗജന്യ ബിസിനസ്സ് ക്ലിനിക്ക്

**കൊച്ചി:** സംസ്ഥാന സർക്കാർ സ്ഥാപനമായ നോർക്ക ബിസ്സിനസ് ഫെസിലിറ്റേഷൻ സെന്ററിന്റെ (എൻ.ബി.എഫ്.സി.) ആഭിമുഖ്യത്തിൽ തൃശ്ശൂർ എറണാകുളം ജില്ലകളിലെ പ്രവാസിസംരംഭകർക്കായി സൗജന്യ ബിസിനസ്സ് ക്ലിനിക്ക് സംഘടിപ്പിക്കുന്നു. പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ 2024 ഡിസംബർ 21 ന് മുൻപായി ചആഎഇ യിൽ ഇമെയിൽ/ ഫോൺ മുഖാന്തിരം പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും 0471 2770534/8592958677 നമ്പറിലോ ിയളര.രീൃീറശിമീേൃ@ഴാമശഹ.രീാ വിലാസത്തിലോ പ്രവർത്തി ദിവസങ്ങളിൽ ബന്ധപ്പെടേണ്ടതാണ്.പ്രവാസികൾക്കും, നാട്ടിൽ തിരിച്ചെത്തിയവർക്കും ബിസ്സിനസ്സ് സംരംഭങ്ങളോ സ്വയംതൊഴിലോ ആരംഭിക്കുന്നതിനും നിലവിലുള്ളവ വിപുലീകരിക്കുന്നതിനും ഇത് സഹായകരമാകും. ഉചിതമായ സംരംഭകപദ്ധതികൾ തെരഞ്ഞെടുക്കുന്നതിനും ബാങ്ക് വായ്പകളുടെ സാധ്യതകൾ, നോർക്ക റൂട്ട്സ് വഴി നൽകിവരുന്ന സേവനങ്ങൾ എന്നിവ സംബന്ധിച്ചും അവബോധം നൽകുന്നതിന് ലക്ഷ്യമിട്ടാണ് ബിസിനസ്സ് ക്ലിനിക്ക് സംഘടിപ്പിക്കുന്നത്. പ്രവാസി സംരംഭങ്ങൾ പ്രോൽസാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ തിരുവനന്തപുരം നോർക്ക സെന്ററിൽ പ്രവർത്തിക്കുന്ന ഏകജാലകസംവിധാനമാണ് എൻ.ബി.എഫ്.സി. കൂടുതൽ വിവരങ്ങൾക്ക് 24 മണിക്കൂറും പ്രവർത്തിക്കുന്ന നോർക്ക ഗ്ലോബൽ കോൺടാക്ട് സെന്ററിന്റെ ടോൾ ഫ്രീ നമ്പറുകളായ 1800 425 3939 (ഇന്ത്യയിൽ നിന്നും) +918802012345 (വിദേശത്തുനിന്നും, മിസ്സ്ഡ് കോൾ സർവ്വീസ്) ബന്ധപ്പെടാവുന്നതാണ്.

# വിദ്യാർത്ഥികളെ ക്ഷണിക്കുന്നു

**കൊച്ചി:** യുവജനങ്ങൾക്കിടയിൽ തൊഴിൽ സമ്മർദ്ദവും ആത്മഹത്യാപ്രവണതയും വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ സംസ്ഥാന യുവജന കമ്മീഷൻ ഈ വിഷയത്തിൽ നടത്തുന്ന ശാസ്ത്രീയ പഠനത്തിന്റെ ഭാഗമാകാൻ യോഗ്യതയും പ്രവർത്തി പരിചയവുമുള്ള സൈക്കോളജി/സോഷ്യൽ വർക്ക് പി.ജി. വിദ്യാർത്ഥികളിൽ നിന്ന് അപേക്ഷകൾ ക്ഷണിച്ചു. അനുബന്ധ വിഷയത്തിൽ പ്രാവീണ്യമുള്ള അദ്ധ്യാപകരുടെയും നേതൃത്വത്തിലാണ് നടത്തുന്നത്. പഠനത്തിന്റെ കണ്ടെത്തലുകൾ റിപ്പോർട്ടായി സർക്കാരിനു സമർപ്പിക്കും.താൽപര്യമുള്ളവർ ഡിസംബർ 18 ന് മുൻപ് യുവജന കമ്മീഷൻ വെബ്സൈറ്റിൽ (skyc.kerala.gov.in) നൽകിയിട്ടുള്ള ഗൂഗിൾ ഫോം മുഖേന അപേക്ഷിക്കാം. ഗൂഗിൾ ഫോം ലിങ്ക്:
https://forms.gle/S53VWbPuLgVyhCdMA

സൊസൈറ്റി ടുഡേ
SOCIETY TODAY

# അന്താരാഷ്ട്ര വ്യാവസായിക എക്സ്പോ ഡിസംബർ 13 മുതൽ

**കൊച്ചി:** ഇന്ത്യ ഇന്റർനാഷണൽ ഇൻഡസ്ട്രിയൽ എക്സ്പോ ഡിസംബർ 13 മുതൽ 15 വരെ കാക്കനാടുള്ള കിൻഫ്ര അന്താരാഷ്ട്ര എക്സിബിഷൻ സെന്ററിൽ നടക്കും. 14 ന് വൈകുന്നേരം അഞ്ചിന് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുന്ന എക്സ്പോയിൽ, ഇന്ത്യക്കകത്ത് നിന്നും പുറത്തുനിന്നുമുള്ള മുന്നൂറോളം പ്രതിനിധികൾ ഉൾപ്പെടെ, രാഷ്ട്രീയ, വ്യവസായിക മേഖലകളിലെ സുപ്രധാന വ്യക്തികളും സ്ഥാപനങ്ങളും പങ്കെടുക്കും.കേരള സ്റ്റേറ്റ് സ്മാൾ ഇൻഡസ്ട്രീസ് അസോസിയേഷനും (കെ.എസ്.എസ്.ഐ.എ), മെട്രോ മാർട്ടും ചേർന്ന് സംഘടിപ്പിക്കുന്ന ഇന്ത്യ ഇന്റർനാഷണൽ ഇൻഡസ്ട്രിയൽ എക്സ്പോ, സംസ്ഥാന വ്യവസായ വകുപ്പ്, കിൻഫ്ര, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ (കെ.എസ്.ഐ.ഡി.സി), കേന്ദ്ര ചെറുകിട, സൂക്ഷ്മ, ഇടത്തരം വ്യവസായ വകുപ്പ് (എം.എസ്.എം.ഇ) എന്നിവയുടെ സഹകരണത്തോടെയാണ് നടപ്പാക്കുന്നത്. സംസ്ഥാനത്തെ കൂടുതൽ വ്യവസായസൗഹൃദപരമാക്കുന്നതിനും വ്യവസായികൾക്കിടയിൽ പങ്കാളിത്തവും വളർച്ചയും പ്രോത്സാഹിപ്പിക്കുന്നതിനും ഈ ത്രിദിനസംഗമം നിർണായക പങ്കുവഹിക്കുമെന്ന് സംഘാടകർ വാർത്താ സമ്മേളനത്തിൽ പറഞ്ഞു.മന്ത്രിമാരായ പി. രാജീവ്, കെ.എൻ. ബാലഗോപാൽ, കെ.രാജൻ, പി.എ. മുഹമ്മദ് റിയാസ് എന്നിവരും ഉദ്ഘാടന ചടങ്ങിൽ പങ്കെടുക്കും. ഇന്ത്യക്കകത്തും വിദേശത്തും വ്യാവസായിക ഉപകരണങ്ങൾ നിർമിക്കുന്ന മുന്നൂറോളം കമ്പനികൾ പങ്കെടുക്കും. വിദഗ്ധർ നയിക്കുന്ന സെമിനാറുകൾ, പ്രെസെന്റേഷനുകൾ, ശില്പശാലകൾ എന്നിവയും ഇന്ത്യ ഇന്റർനാഷണൽ ഇൻഡസ്ട്രിയൽ എക്സ്പോയോടനുബന്ധിച്ച് ഒരുക്കിയിട്ടുണ്ട്. വിവിധതരം സെൻസറുകൾ, റോബോട്ടുകൾ, സോഫ്ട്‍വെയറുകൾ എന്നിവയുടെ പ്രദർശനം പ്രധാന ആകർഷണമായിരിക്കും. വ്യാവസായിക വ്യവസായങ്ങൾ തുടങ്ങാനും നിലവിലുള്ളവ വികസിപ്പിക്കാനും ഉദ്ദേശിക്കുന്നവർക്ക് സാമ്പത്തികസഹായം ലഭ്യമാക്കുന്നതിനായി വിവിധ ബാങ്കുകളുടെ പ്രത്യേക ഡെസ്കുകളും വേദിയിലുണ്ടാകും. രാജ്യത്തിന്റെ മൊത്തം ഭാവി വാണിജ്യ, വ്യവസായ വളർച്ചയ്ക്ക് ഇന്ത്യ ഇന്റർനാഷണൽ ഇൻഡസ്ട്രിയൽ എക്സ്പോ ഉത്തേജനമാകുമെന്നാണ് പ്രതീക്ഷ.എക്സ്പോയിൽ പങ്കെടുക്കുന്നതിനുള്ള പ്രവേശനം സൗജന്യമാണ്. പങ്കെടുക്കുന്നവർക്ക് പൊതു, സ്വകാര്യ രംഗങ്ങളിലെ പ്രതിനിധികളുമായി സംസാരിക്കാനുള്ള അവസരമുണ്ടാകും. ആവശ്യമുള്ളവർക്ക് പ്രദർശനത്തിനെത്തുന്ന ഉപകരണങ്ങളും യന്ത്രസാമഗ്രികളും തങ്ങളുടെ വാണിജ്യാവശ്യങ്ങൾക്കായി പ്രയോജനപ്പെടുത്താം. കച്ചവടം വർധിപ്പിക്കാനും വിപണിയിലെ സ്വാധീനം ഊട്ടിയുറപ്പിക്കാനും ദീർഘകാല ബന്ധങ്ങൾ സ്ഥാപിക്കാനും പ്രതിനിധികൾക്ക് എക്സ്പോ അവസരം നൽകും. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും ൦൦൦.ശശശല.ശി എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ +91 9947733339 എന്ന നമ്പറിലോ ശിളീ@ശശശല.ശി എന്ന ഇമെയിൽ ഐഡിയിലോ ബന്ധപ്പെടാവുന്നതാണ്.എക്സ്പോയുടെ ആദ്യ ദിവസം, കിൻഫ്രയുടെ മാനേജിങ് ഡയറക്ടർ സന്തോഷ് കോശി തോമസ് എക്സ്പോ ഡയറക്ടറി പുറത്തിറക്കും. കിൻഫ്ര സംരംഭക ഫോറത്തിന്റെ തുറന്ന യോഗവും ആശയവിനിമയ സദസുമാണ് മറ്റൊരു പരിപാടി. സമൂഹത്തിന്റെ അടിത്തട്ട് മുതൽ വ്യവസായങ്ങൾ എളുപ്പമാക്കുന്നതിനുള്ള വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന മാധ്യമസമ്മേളനവും നടക്കും. കെ എസ് എസ് ഐ എ സംസ്ഥാന ട്രഷറർ ജയകൃഷ്ണൻ, കെ എസ് എസ് ഐ എ ജനറൽ സെക്രട്ടറി ജോസഫ് പൈകട, കെ എസ് എസ് ഐ എ സംസ്ഥാന പ്രസിഡന്റ് എ നിസാറുദീൻ, ഇന്ത്യ ഇന്റർനാഷണൽ ഇൻഡസ്ട്രിയൽ എക്സ്പോ ഓർഗനൈസിങ് കമ്മറ്റി ചെയർമാൻ കെ. പി രാമചന്ദ്രൻ നായർ, എക്സ്പോ സി. ഇ. ഒ സിജി നായർ എന്നിവർ വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.




# റോബോട്ടിനെ തൊട്ടറിഞ്ഞ് വിദ്യാർത്ഥികളും പൊതുസമൂഹവും

**കൊച്ചി :**'റോബോട്ടിക് സർജറി' എന്ന നൂതന സാങ്കേതികവിദ്യയെക്കുറിച്ച് കേട്ടിട്ടുണ്ടെങ്കിലും എങ്ങനെ ഇത് നടക്കുന്നു എന്നതിനെക്കുറിച്ച് അറിയാത്തവരായിരിക്കും കൂടുതലും. റോബോട്ടിക് സർജറി സിസ്റ്റത്തെ നേരിട്ട് കണ്ട് മനസ്സിലാക്കാൻവിപിഎസ് ലേക്ഷോർ ഹോസ്പിറ്റൽ, ഇന്റ്യൂറ്റീവ് എക്സ്പീരിയൻസ് സെന്ററുമായി സഹകരിച്ച് സംഘടിപ്പിക്കുന്ന അത്യാധുനിക ശസ്ത്രക്രിയാ റോബോട്ടിക് സിസ്റ്റമായ ഫുൾ റോബോട്ടിക് എക്സ്ഐ സിസ്റ്റത്തിന്റെ പ്രദർശനം ആരംഭിച്ചു. ഡിസംബർ 9ന് ആരംഭിച്ച പരിപാടിയിൽ ആദ്യദിനം വിദ്യാർത്ഥികൾ, ഡോക്ടർമാർ, ആരോഗ്യ പ്രവർത്തകർ, കോർപ്പറേറ്റ് ജീവനക്കാർ, പൊതുജനങ്ങൾ എന്നിവരുൾപ്പെടെ 1000ത്തോളം പേർ പങ്കെടുത്തു.ആരോഗ്യമേഖലയിൽ റോബോട്ടിക്സിന്റെ പങ്കിനെകുറിച്ച് കൂടുതൽ അവബോധം നൽകാനും പങ്കെടുക്കുന്നവർക്ക് ഈ വിപ്ലവകരമായ സാങ്കേതിക വിദ്യയെക്കുറിച്ച് സമഗ്രമായ ധാരണ നൽകാനും ലക്ഷ്യമിട്ടാണ് പരിപാടി സംഘടിപ്പിക്കുന്നത്. ഡാവിഞ്ചി സംവിധാനത്തിന്റെ കൃത്യതയും കാര്യക്ഷമതയും ഉയർത്തിക്കാട്ടുന്ന റോബോട്ടിക് സർജറിയെക്കുറിച്ചുള്ള സംവേദനാത്മക ചർച്ചകൾ, പ്രദർശനങ്ങൾ, ഉൾക്കാഴ്ചകൾ എന്നിവ പ്രദർശനത്തിന്റെ ഭാഗമായി നടക്കുന്നുണ്ട്.ഈ റോബോട്ടിക് സിസ്റ്റം ഉപയോഗിച്ച് ആശുപത്രിയിൽ കഴിഞ്ഞ ഒരുവർഷത്തിനുള്ളിൽ 50ഓളം ശസ്ത്രക്രിയകൾ വിജയകരമായി നടത്തി. വിപിഎസ് ലേക്ഷോർ ആശുപത്രിയിൽ നടന്ന പ്രദർശനം ഇന്നലെ സമാപിച്ചു.




## അമൃതയിൽ ഹാർട്ട് കോൺക്ലേവ് സമാപിച്ചു

കൊച്ചി: ഹൃദയത്തിന്റെ മാംസപേശികളെ ബാധിക്കുന്ന ജനിതക രോഗാവസ്ഥയായ ഹൈപ്പർട്രോഫിക് കാർഡിയോ മയോപ്പതിയുടെ ചികിത്സയിൽ മികവ് ലക്ഷ്യമാക്കി അമൃത ആശുപത്രിയിൽ സംഘടിപ്പിച്ച ഏട്ടാമത് അമൃത ഹാർട്ട് കോൺക്ലേവ് സമാപിച്ചു. ഡിസംബർ 7ന് ആരംഭിച്ച ദ്വിദിന ശിൽപശാലയിൽ ഇരുന്നൂറോളം ദേശീയ അന്തർദേശീയ ഹൃദ്രോഗ വിദഗ്ദ്ധർ പങ്കെടുത്തു.പാരമ്പര്യമായി രോഗസാധ്യതയുള്ളവർ നേരത്തേ തന്നെ ജനിതക സ്ക്രീനിംഗ് പരിശോധനകൾക്ക് വിധേയരാകുന്നത് ചെറുപ്പക്കാരിൽ ഈ രോഗത്താൽ പെട്ടെന്നുണ്ടാകുന്ന ഹൃദയാഘാതം ഒഴിവാക്കാൻ സഹായിക്കുമെന്ന് വിദഗ്ദ്ധർ വിലയിരുത്തി. 500 മുതൽ 200 പേരിൽ ഒരാൾക്ക് കണ്ടുവരുന്ന ഹൃദയതകരാറായ ഹൈപ്പർട്രോഫിക് കാർഡിയോമയോപ്പതിക്ക് സമഗ്രചികിത്സ നൽകുന്ന തെക്കേ ഏഷ്യയിലെ ഒരേയൊരു ചികിത്സാകേന്ദ്രമാണ് കൊച്ചി അമൃത ആശുപത്രിയിലേത്.അമേരിക്കയിലെ ക്ലീവ് ലാൻഡ് ക്ലിനിക്കിൽ നിന്നുള്ള പ്രശസ്ത ഹൃദ്രോഗ ചികിത്സാ വിദഗ്ധൻ ഡോ. നിക്കോളാസ് ജെറാൾഡ് സ്മീദീര ശസ്ത്രക്രിയാ ശില്പശാലക്ക് നേതൃത്വം നൽകി.ഡോ. ബാരി.ജെ. മറോൺ , പ്രൊഫ. ലാക്കോപോ ഒലിവോട്ടോ, ലിസ സൽബെർഗ്, ഡോ. പ്രവീൺ വർമ്മ, ഡോ. രാജേഷ് തച്ചത്തോടിയിൽ, ഡോ. ഹിഷാം അഹമ്മദ്, ഡോ. കിരൺ ഗോപാൽ, ഡോ .രാജേഷ് ജോസ് , ഡോ. രോഹിത് മിക്ക എന്നിവർ പരിശീലന സെഷനുകൾക്കും ചർച്ചകൾക്കും നേതൃത്വം നൽകി.

## എവിപിഎൻ സൗത്ത് ഏഷ്യ സമിറ്റ് തുടങ്ങി

**ചെന്നൈ:** ഏഷ്യയിലെ ഏറ്റവും വലിയ സാമൂഹിക നിക്ഷേപക നെറ്റ്‌വർക്ക് ആയ എവിപിഎൻ സൗത്ത് ഏഷ്യാ സമിറ്റ് 2024 ന് ചെന്നൈയിൽ തുടക്കം കുറിച്ചു. 'പുതിയ യാഥാർത്ഥ്യങ്ങൾ, പുതിയ അവസരങ്ങൾ' എന്ന വിഷയത്തെ കേന്ദ്രീകരിച്ച്, കാലാവസ്ഥാ നടപടി, ഹെൽത്ത് ഇംപാക്ട്, യുവജന ശാക്തീകരണം, ഉപജീവനമാർഗങ്ങൾ, ലിംഗസമത്വം എന്നിവയിൽ ഫലപ്രദമായ പരിഹാരങ്ങൾ മുന്നോട്ട് വെച്ചുകൊണ്ട് ദക്ഷിണേഷ്യയിലെ സാമൂഹിക വെല്ലുവിളികളെ അഭിസംബോധന ചെയ്യുന്നതിലാണ് സമിറ്റ് ഊന്നൽ നൽകുന്നതെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി. രണ്ട് ദിവസത്തെ ഉച്ചകോടിയിൽ പ്രമുഖരായ ആഗോള നേതാക്കൾ, സാമൂഹിക നിക്ഷേപകർ, നയകർത്താക്കൾ, ഇംപാക്റ്റ് ലീഡർമാർ എന്നിവർ പങ്കെടുക്കും.

## മിലൻ ബ്രൈഡൽ എഡിറ്റ് 2025

**കൊച്ചി:** വിവാഹ സാരികളുടെ അതിശയ ശേഖരവുമായി മിലൻ ഡിസൈനെ ഒരുക്കുന്ന ബ്രൈഡൽ എഡിറ്റ് 2025ന് തുടക്കമായി. ഡിസംബർ 10 മുതൽ എം ജി റോഡിലെ മിലൻ ഷോറൂമിലാണ് ഫെസ്റ്റ് ഒരുക്കുന്നത്. ആദ്യ ദിവസങ്ങളായ 10, 11 തീയതികളിൽ ബോളിവുഡിലെ പ്രമുഖ സംവിധായകനും അവതാരകനുമായ കരൺ ജോഹറിന്റെ ജ്വല്ലറിയായ ട്യാനിയും ഫെസ്റ്റിന്റെ ഭാഗമാകുന്നുണ്ട്. വിവിധ ജ്വല്ലറികൾ ഉൾപെടുത്തിയ എക്സിബിഷനൊപ്പം സെയിലും പ്രീ ബുക്കിഗും ട്യാനി ഒരുക്കിയിട്ടിട്ടുണ്ട്.കാഞ്ചിപുരം, ബാനാറസി, ഡിസൈനർ കളക്ഷന് പുറമെ സ്പെഷ്യൽ ബ്രൈഡൽ സെഷൻ കൂടി ഉൾപ്പെടുത്തിയാണ് മിലൻ ഫെസ്റ്റ് രൂപകല്പന ചെയ്തിരിക്കുന്നത്.ഓരോ തവണയും പുതിയ ട്രെൻഡുകൾ പരീക്ഷിക്കുന്ന മിലൻ എപ്പോഴും ഫാഷൻ അപ്ഡേഷനിൽ മുൻപന്തിയിലാണ്. ഇത്തവണയും പുത്തൻ ട്രെൻഡുകളാണ് മിലൻ പരീക്ഷിച്ചിരിക്കുന്നത്.

# ഫ് ളാഷ് ചാർജ് എനർജി സൊലൂഷൻസ് 40 സൂപ്പർചാർജറുകൾ സ്ഥാപിക്കും

**തിരുവനന്തപുരം:** തിരുവനന്തപുരം ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ഫ് ളാഷ്ചാർജ് എനർജി സൊലൂഷൻസ്, സംസ്ഥാനത്ത്40 അത്യാധുനിക ഇലക്ട്രിക് സൂപ്പർ ചാർജറുകൾ സ്ഥാപിക്കും. 180 കിലോവാട്ട് ശേഷിയുള്ള അതിവേഗ ചാർജറുകളാണ് വരുന്നത്. കേരളത്തിൽ നിന്നുള്ള പ്രമുഖ ഊർജസാങ്കേതികവിദ്യാ സംരംഭമായ ചാർജ്മോഡുമായി സഹകരിച്ചാണ് നീക്കം. ഫ് ളാഷ്ചാർജ് എനർജിസൊലൂഷൻസിന്റെ ആദ്യത്തെ പ്രോജക്ടാണിത്.




കേരളത്തിലുടനീളം നഗരഗ്രാമ വ്യത്യാസങ്ങളില്ലാതെ ചാർജിങ് കേന്ദ്രങ്ങൾ സ്ഥാപിക്കാനാണ് കമ്പനി ലക്ഷ്യമിടുന്നത്. ഇലക്ട്രികാഹനയുടമകൾക്ക് ബുദ്ധിമുട്ടുകളില്ലാതെ സംസ്ഥാനത്തെവിടെയും യാത്ര ചെയ്യാനും എളുപ്പത്തിൽ വാഹനങ്ങൾ ചാർജ്ചെയ്യുന്നതിനുമുള്ള സൗകര്യങ്ങൾ ഉന്നതനിലവാരത്തിൽ ലഭ്യമാക്കും. ഇതിന് 2 മെഗാവാട്ട് വരെ പുനഃരുപയോഗ സാധ്യതയുള്ള ഊർജംപ്രയോജനപ്പെടുത്താനാണ് ഫ്ളാഷ്ചാർജ്ചാർജ്മോഡ് സഖ്യം ഉദ്ദേശിക്കുന്നത്. ഇതിനായി ചാർജിങ് സ്റ്റേഷനുകളിൽ സോളാർസംവിധാനവും ഉൾക്കൊള്ളിക്കും. സുസ്ഥിരവും പരിസ്ഥിതിസൗഹൃദപരവുമായ യാത്രാസൗകര്യങ്ങൾ ഒരുക്കുകയാണ്ഇരുസ്ഥാപനങ്ങളുടെയും സംയുക്ത പ്രവർത്തനലക്ഷ്യമെന്ന് ഫ്ളാഷ്ചാർജ് സിഇഒ രാജേഷ് നായർ പറഞ്ഞു.വാഹനങ്ങൾ ചാർജ് ചെയ്യുന്നതിന് ആവശ്യത്തിന് സംവിധാനങ്ങളില്ലാത്തതും അതിവേഗ ചാർജറുകളുടെ അഭാവവും പരിഹരിക്കാനാണ്ഈ സഹകരണത്തിലൂടെ ഉദ്ദേശിക്കുന്നത്. ഇലക്ട്രിക്ക് വാഹനങ്ങൾക്ക് സുഗമമായിപ്രവർത്തിക്കാനാകുന്ന ഒരു അനുകൂല അന്തരീക്ഷം സംസ്ഥാനത്തുടനീളം ലഭ്യമാക്കും. വ്യക്തിഗത ആവശ്യങ്ങൾക്ക് മാത്രമല്ല, വാണിജ്യാവശ്യങ്ങൾക്കും ഇലക്ട്രിക് വാഹനങ്ങൾ ഉപയോഗിക്കുന്നതിനുള്ള സാധ്യതകൾ ഇതോടെ വർധിക്കുമെന്നും അദ്ദേഹം പറഞ്ഞു.ഫ്ളാഷ്ചാർജുമായുള്ള സഹകരണം, തങ്ങളുടെ ലക്ഷ്യങ്ങളുമായി ഒത്തുപോകുന്നതാണെന്ന് ചാർജ്മോഡിന്റെ സഹസ്ഥാപകനുംസിഇഒയുമായ എം. രാമനുണ്ണിയും പ്രതികരിച്ചു. അതിനൂതന ചാർജിങ് സംവിധാനങ്ങൾ ആദ്യമെത്തിക്കുക എന്ന ദൗത്യത്തിൽമുൻപന്തിയിലാണ് ചാർജ്മോഡ്. ഇലക്ട്രിക് വാഹനയുടമകളുടെ യാത്രാനുഭവം മെച്ചപ്പെടുത്തുന്നതിൽ ഈ ശ്രമങ്ങൾ വലിയ പങ്കുവഹിക്കുമെന്നും അദ്ദേഹം പറഞ്ഞു. 180 കിലോവാട്ട് അതിവേഗ ശേഷിയുള്ള ചാർജറുകൾ യാത്രക്കാർക്ക് ഏറെ ഉപകാരപ്രദമായിരിക്കും. ചാർജ് തീരുമോയെന്ന ആശങ്കവലിയൊരളവ് കുറയ്ക്കുന്നതിനൊപ്പം, മിനിറ്റുകൾക്കകം ചാർജിങ് പൂർത്തിയാക്കി യാത്ര തുടരാമെന്ന പ്രത്യേകതയുമുണ്ട്.

# മഹീന്ദ്ര ഫിനാൻസും മാഗ്മ എച്ച്ഡിഐയും ധാരണാ പത്രം ഒപ്പുവെച്ചു



**കൊച്ചി :** ഇൻഷുറൻസ് കമ്പനിയായ മാഗ്മ എച്ച്ഡിഐ ജനറൽ ഇൻഷുറൻസ് മഹീന്ദ്ര ഫിനാൻസുമായി ധാരണയിൽ ഒപ്പുവച്ചു. മഹീന്ദ്ര ഫിനാൻസ് മാനേജിങ് ഡയറക്ടറും സിഇഒയുമായ റൗൾ റെബല്ലോ, മാഗ്മ എച്ച്ഡിഐ ജനറൽ ഇൻഷുറൻസ് മാനേജിങ് ഡയറക്ടറും സിഇഒയുമായ രാജീവ് കുമാരസ്വാമി എന്നിവർ കരാർ കൈമാറി. ഉപഭോക്താക്കൾക്ക് അനുയോജ്യമായ ജനറൽ ഇൻഷുറൻസ് പരിരക്ഷ നൽകുന്നതിന് മാഗ്മ എച്ച്ഡിഐ ജനറൽ ഇൻഷുറൻസുമായി സഹകരിക്കുന്നതിൽ സന്തോഷമുണ്ടെന്നുമഹീന്ദ്ര ഫിനാൻസിന്റെ മാനേജിംഗ് ഡയറക്ടറും സിഇഒയുമായ റൗൾ റെബല്ലോ പറഞ്ഞു.മഹീന്ദ്ര ഫിനാൻസുമായുള്ള ഈ പങ്കാളിത്തം സുപ്രധാന ചുവടുവെപ്പാണെന്നു മാഗ്മ എച്ച്ഡിഐ ജനറൽ ഇൻഷുറൻസ് മാനേജിങ് ഡയറക്ടറും സിഇഒയുമായ രാജീവ് കുമാരസ്വാമി പറഞ്ഞു.

# കൊച്ചിയിൽ വിസ്മയമാകാൻ 'ഒ'

- സൂരജ് സന്തോഷിന്റെ സംഗീത നിശ ഡിസംബർ 21 ന്
- ഭാഗ്യശാലികളെ കാത്തിരിക്കുന്നത് 10 പവൻ സ്വർണ്ണം




**കൊച്ചി:** മെട്രോ തൂണുകളിലും നഗരത്തിന്റെ പലയിടങ്ങളിലും ജനങ്ങളെ കൗതുകത്തിലാക്കിയ 'ഒ' ഇനി വിസ്മയമായി മാറും. ആദ്യമൊക്കെ എന്താണീ 'ഒ' എന്ന് സംശയത്തോടെ നോക്കി നിന്നവർക്ക് മുന്നിൽ കൊച്ചിയിലെ ആദ്യ ഷോപ്പിംഗ് മാൾ പുനരവതരിക്കുകയാണ്. 2008 ൽ 100 കോടി രൂപ ചിലവിൽ നിർമ്മിച്ച് കൊച്ചിയുടെ പ്രിയങ്കരമായി മാറിയ ഒബ്റോൺ മാളിനെയാണ് 2024 ഡിസംബറിൽ കൂടുതൽ വ്യത്യസ്തതയോടെ പുതിയ രൂപത്തിലും ഭാവത്തിലും ഒബ്റോൺ ഗ്രൂപ്പ് അവതരിപ്പിക്കുവാൻ പോകുന്നത്. 24 മണിക്കൂറും പ്രവർത്തിക്കുന്ന കഫെ കോഫീ ഡേ , പിസ്സ ഹട്ട് ഔട്ട്ലെറ്റുകളടക്കം പുതിയ അനുഭവമായിരിക്കും ജനങ്ങളെ കാത്തിരിക്കുന്നതെന്ന് സെന്റർ മാനേജർ മോനു നായർ സൊസൈറ്റി ടുഡേയോട് പറഞ്ഞു. ഡിസംബർ 20 ന് നടക്കുന്ന ചടങ്ങിൽ കൊച്ചി മേയർ അഡ്വ. എം.അനിൽകുമാർ, തൃക്കാക്കര എം.എൽ.എ ഉമാ തോമസ് എന്നിവർ ചേർന്ന് നവീകരിച്ച ഒബ്റോൺ മാളിന്റെ ലോഞ്ചിംഗ് നിർവ്വഹിക്കും. ചടങ്ങിൽ ഒബ്റോണിന്റെ പുതിയ വെബ്സൈറ്റിന്റെ പ്രകാശനവും ഉണ്ടാകും. പുതിയ നിരവധി ബ്രാൻഡുകളും ഷോപ്പുകളും മാത്രമല്ല, നറുക്കെടുപ്പിലൂടെ വിജയികളാകുന്നവർക്ക് 10 പവൻ സ്വർണ്ണ സമ്മാനവും ലഭിക്കും. ഡിസംബർ 21 ന് വൈകുന്നേരം 6 .30 നു പിന്നണി ഗായകൻ സൂരജ് സന്തോഷിന്റെ സംഗീത നിശയും ഒബ്റോൺ സന്ദർശകർക്കായി ഒരുക്കുന്നുണ്ട്.

